23
2026
ഏപ്രിൽ
വ്യാഴം
മേടം 10

NAUTICAL TIMES KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 87 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-87 പേജ് 4. വില 2.00 രൂപ

02 കാട്ടുപന്നികളെ തുരത്താൻ സൗരോർജവേലി പദ്ധതിക്ക് പവിത്രേശ്വരത്ത് തുടക്കം
03 പേട്ട റെയിൽവേ ആശുപത്രിയുടെ ശുചിമുറിയിൽ വെടിയുണ്ടകൾ
04 കൊല്ലം ബീച്ച് നവീകരണം: ഫയലിൽ കുടുങ്ങി 10 കോടിയുടെ പദ്ധതി

# കടലാക്രമണത്തിന് കരുതൽ

പിസ്റ്റെല്ലസ്





തിരു: സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ മുൻകരുതൽ നടപടിയുമായി തീരദേശത്ത് സജീവം. (എസ്എംറ്റിഎഫ് )

കേരള തീരത്ത് വർഷങ്ങൾ കൊണ്ട് മത്സ്യബന്ധനം നടത്തിയും ഉപജീവന മാർഗമായി മുന്നോട്ടുപോകുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും മാറ്റമില്ലാതെ തുടരുകയാണ്. 1972 ന് ശേഷം കടലിൽ അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തന മൂലം രണ്ട് കിലോമീറ്റർ ഓളം ഉണ്ടായിരുന്നു തീരം ഇന്ന് 5 മീറ്റർ പോലും ഇല്ലാത്ത ഒരു അവസ്ഥ ഏത് സമയത്തും കടലും കായലും ഒന്നിക്കുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുമെന്ന ആശങ്കയിലാണ് മത്സ്യത്തൊഴിലാളി സമൂഹം. ആയിരക്കണക്കിന് വീടുകളാണ് കടലാക്രമണ മൂലം ലക്ഷങ്ങൾ വിലമതിക്കുന്ന ഭവനങ്ങളും പരമ്പരാഗതമായി ഉപയോഗിക്കുന്ന മത്സ്യബന്ധന യാനങ്ങളും ലക്ഷങ്ങൾ വില കൊടുത്തു വാങ്ങിയ ഭൂമിയും ഡോക്യുമെന്റ് മുഴുവനും നഷ്ടപ്പെട്ട ഒരു സാഹചര്യമാണ് മത്സ്യത്തൊഴിലാളികളുടെ ജീവിതം. ഇന്നിപ്പോൾ കാലാകാലങ്ങളിൽ വരുന്ന സർക്കാരുകൾ വോട്ടിനു വേണ്ടി മാത്രം വാഗ്ദാനങ്ങൾ ചെയ്തുകൊണ്ട് മത്സ്യത്തൊഴിലാളികളെ വഞ്ചിക്കുന്ന രീതിയാണ് ഇന്ന് തീരത്ത് കാണപ്പെടുന്നത്. ഇതിനുദാഹരണമായി ലേഖകൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. തീരത്തോട് ചേർന്ന് ഒരു കിലോമീറ്റർ അകലം ഉണ്ടായിരുന്ന വീടുകൾ കടൽ എടുത്തു കൊണ്ടുപോവുകയും ശേഷിക്കുന്ന ഒരു ലൈൻ വീടുകൾ മാത്രം ഇന്ന് തീരത്ത് ഭീഷണി നേരിടുകയാണ്. കാലാകാലങ്ങളിൽ വരുന്ന ഭരണകർത്താക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇവരെല്ലാം മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുമെന്ന് പറഞ്ഞു വാഗ്ദാനങ്ങൾ നൽകി പോകുന്നത് അല്ലാതെ മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനും അവരുടെ സാമ്പത്തിക ക്ഷേമ വിദ്യാഭ്യാസ തൊഴിൽ വികസനം ഇതൊന്നും ശ്രദ്ധിക്കാതെ വാഗ്ദാനങ്ങൾ മാത്രം നൽകിക്കൊണ്ട് കണ്ണിൽ പൊടിയിട്ട് പോകുന്ന ഒരു സാഹചര്യമാണ് ഇന്ന് തീരത്തോട് ഭരണസംവിധാനവും ഉദ്യോഗസ്ഥരും ചെയ്തു പോകുന്നത്. ഇതിന് പല കാരണങ്ങളും ചൂണ്ടിക്കാണിക്കാൻ തൊഴിലാളികൾക്കുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ഏത് സമയത്തും കടൽ ഭീഷണി നേരിടുന്ന ഭവനങ്ങളെ സംരക്ഷിക്കാൻ വേണ്ടി മാറിമാറി ഭരിച്ച സർക്കാരുകൾ ഈ തീരത്തോട് ചേർന്ന് വീടുകളെ താൽക്കാലികമായി സംരക്ഷിക്കാൻ പോലും തയ്യാറാകാതെ ഇരുന്ന് സമയത്താണ് തീരദേശ റോഡുകൾ ഉൾപ്പെടെ മുൻകാലങ്ങളിലും ഇപ്പോഴും സ്വതന്ത്ര തൊഴിലാളി ഫെഡറേഷന്റെ നേതൃത്വത്തിൽ മണൽ ചാക്ക് ചാക്കുകൾ നൽകി പ്രതീക്ഷിക്കാത്ത സമയത്ത് ഉണ്ടാകാൻ പോകുന്ന കടലാക്രമണ ഭീഷണി നേരിടുന്ന ഭവനങ്ങളെ ( വീടുകൾക്ക് ) മുൻകരുതൽ നടപടി സ്വീകരിച്ചുകൊണ്ട് ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറിയുടെ സഹായത്തോടെ ചാക്കുകളിൽ മണൽ നിറച്ച് സംരക്ഷണ വലയം പ്രവർത്തകർ തീർക്കുന്നത്. രാജ്യത്തിന്റെ വികസനത്തിനു വേണ്ടിയും നാടിന്റെ വികസത്തിനുവേണ്ടിയും ജീവിതം വരെ മാറ്റിവെച്ചുകൊണ്ട് നിർധനരായ മത്സ്യത്തൊഴിലാളി സമൂഹം വികസന കാഴ്ചപ്പാടിന് വേണ്ടി തുറന്നു കൊടുത്ത വലിയ മനസ്സാണ് ഈ സമൂഹത്തിന്റെ എന്ന് ഭരണകർത്താക്കൾ ഓർക്കേണ്ടതായിരുന്നു. ഇന്നീ സമൂഹം അനുഭവിക്കുന്ന ദുരിതം ഭരണനേതൃത്വം കണ്ടില്ല എന്ന് നടിക്കുന്നതും മനുഷ്യവകാശ ധ്വംസനം എന്ന് ഇതിനെ വിശേ ശിപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

ഇന്ത്യ രാജ്യത്ത് 2500 കോടിയോളം വിദേശ നാണിയം ഉണ്ടാക്കി കൊടുക്കുന്ന മത്സ്യത്തൊഴിലാളി സമൂഹത്തോടാണ് ഇത്രയും നൂറ്റാണ്ട് ആയിട്ട് അവരുടെ വികസന ക്ഷേമ സാമ്പത്തിക വിദ്യാഭ്യാസ തൊഴിൽമേഖലയെ താളം തെറ്റിച്ചിരിക്കുന്നത്. മാനുഷിക പരിഗണന പോലും കൽപ്പിക്കാത്ത വൃത്തികെട്ട ഭരണസംവിധാനമാണെന്ന് ഈ അവസരത്തിൽ ലേഖകൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു.

കടലിൽ മത്സ്യബന്ധനം നടത്താൻ തന്നെ മുന്നോട്ടുള്ള സാഹചര്യം ഇന്ന് കടലിൽ മോശമാണെന്ന് ഈ സമൂഹത്തിലെ എല്ലാവർക്കും അറിയാവുന്നതാണ് കടലിൽ അടിക്കടി ഉണ്ടാകുന്ന കപ്പൽ അപകടങ്ങൾ മൂലം, ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്ന ന്യൂനമർദ്ദം മൂലം കടലാക്രമണ ഭീഷണി മൂലം കടലും തീരവും സംരക്ഷിക്കുന്ന തീരം തന്നെ നഷ്ടപ്പെട്ട രീതിയിലും അവരുടെ യാനങ്ങൾ തീരത്തോട് വയ്ക്കാനുള്ള സാഹചര്യം ഇല്ലാത്ത ഒരു ദുരവസ്ഥയും നൂറ്റാണ്ടുകൊണ്ട് താമസിച്ചിരുന്ന ഭവനങ്ങൾ നഷ്ടപ്പെട്ടു പോകുന്ന ഒരു സാഹചര്യവും നിലനിൽക്കുന്ന ഈ ദുരന്തം സമൂഹത്തിന് നീതി ലഭിക്കുമെന്ന് ഒരിക്കലും ഉണ്ടാകില്ല എന്ന് ഈ സമൂഹം മനസ്സിലാക്കുന്നു വോട്ട് മാത്രം കൊണ്ട് വാഗ്ദാനങ്ങൾ നൽകിക്കൊണ്ട് മുന്നോട്ട് പോകുന്ന മുന്നണികൾക്ക് ഈ സമൂഹത്തിന് ഒരു പ്രചോദനം ഇല്ല എന്ന് സ്വതന്ത്ര ഫെഡറേഷൻ എന്ന സംഘടനക്ക് മനസ്സിലാക്കിയതിന്റെ പശ്ചാത്തലത്തിലാണ് കഴിഞ്ഞവർഷവും മുൻകരുതൽ നടപടിയെന്ന് നിലയിൽ ഭീഷണി നേരിടുന്ന ഭവനങ്ങളെ സംരക്ഷിക്കുകയും ഇപ്പോഴും അത് തുടരാനും സാഹചര്യം സൃഷ്ടിച്ചത്. നിലവിലുള്ള ഭരണസംവിധാനങ്ങളുടെ പിടിപ്പ് കേടുകൾ സംഭവിച്ചത് കൊണ്ട് മാത്രമാണ് ഏത് സമയത്തും കടൽ ഭീഷിൽ ഉണ്ടാകുന്ന ഭവനങ്ങളെ സംരക്ഷിക്കാൻ വേണ്ടി ഫെഡറേഷൻ രംഗത്ത് വന്നത്.

(ലേഖകൻ സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റാണ്)

## മീൻ പിടിക്കാൻ പോയ യുവാവ് മരിച്ച നിലയിൽ

കാട്ടാക്കട: സുഹൃത്തുക്കൾക്കൊപ്പം മീൻ പിടിക്കാൻ പോയ യുവാവ് മരിച്ച നിലയിൽ. പേപ്പാറ കല്ലുപാറ വനത്തിൽ അരുവിയാൻ കാണിയുടെ മകൻ മല്ലൻ (31)ആണ് മരിച്ചത്.

സഹോദരൻ ആനന്ദനും മറ്റ് നാല് സുഹൃത്തുക്കൾക്കും ഒപ്പമാണ് മല്ലൻ മീൻ പിടിക്കാൻ പോയത്. സുഹൃത്തുക്കൾ ആറ്റിനക്കരെ എത്തിയപ്പോഴേക്കും മല്ലനെ കാണാതായിരുന്നു. ഇതേ തുടർന്ന് വിവരം അഗ്നിശമന സേനയെയും പോലീസിനെയും അറിയിച്ചു. രാവിലെ നത്തിയ പരിശോധനയിലാണ് മൃതദേഹം കണ്ടെത്തിയത്.

## ആയൂരിൽ കാർ ലോറിയുമായി കൂട്ടിയിടിച്ചു; അച്ഛനും മകനും മരിച്ചു

കൊല്ലം: ആയൂരിൽ വിനോദയാത്ര കഴിഞ്ഞ് മടങ്ങുകയായിരുന്ന കുടുംബം സഞ്ചരിച്ച കാർ ലോറിയുമായി കൂട്ടിയിടിച്ച് അച്ഛനും മകനും മരിച്ചു. കോഴഞ്ചേരി കിഴക്കേവലിയ വീട്ടിൽ നൈനാൻ വർഗീസ് (60), വാഹനം ഓടിച്ചിരുന്ന മകൻ റോബിൻ നൈനാൻ (33) എന്നിവരാണ് മരിച്ചത്. തിരുവനന്തപുരം ഹാപ്പി ലാൻഡ് സന്ദർശിച്ചശേഷം കോഴഞ്ചേരി ഭാഗത്തേക്ക് മടങ്ങുകയായിരുന്നു കുടുംബം.

## അമേരിക്ക വെടിനിർത്തൽ നീട്ടിയത് വെറുതെയല്ല; ഇൻറലിജൻസ് റിപ്പോർട്ടിൽ ഭയന്ന് ട്രംപ്

വാഷിംഗ്ടൺ: അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെയും പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്തിൻറെയും ഇറേനിയൻ സൈനിക ശേഷി സംബന്ധിച്ച അവകാശവാദങ്ങൾ തള്ളി യുഎസ് ഇൻറലിജൻസ്. ഇറേനിയൻ സൈനിക ശേഷി ദുർബലമായെന്ന് ട്രംപ് ആവർത്തിക്കുന്നതിനിടെയാണ് ഇൻറലിജൻസ് വിഭാഗത്തിൻറെ വിലയിരുത്തൽ. യുഎസ് പ്രതിരോധ ആസ്ഥാനമായ പെൻറഗണിൻറെ ഇൻറലിജൻസ് വിഭാഗമാണ് ഇതുസംബന്ധിച്ച റിപ്പോർട്ട് പുറത്തുവിട്ടത്. ഇറേനിയൻ സൈനിക ശേഷി തകർത്തെന്നും, ഇനി ഒരിക്കലും തിരിച്ചുവരാനാകാത്ത വിധം ഇറേനിയൻ സായുധ സേന ദുർബലമായെന്നും ട്രംപ് തുടരെ അവകാശവാദം ഉന്നയിക്കുന്നതിനിടെയാണ് ഇൻറലിജൻസ് വിഭാഗത്തിൻറെ വിലയിരുത്തൽ. ആയിരക്കണക്കിന് മിസൈലുകളും ഡ്രോണുകളും ഉൾപ്പെടെ ഇറേനിയൻ സൈനിക ശേഷി ശക്തമാണെന്ന് ആയിരുന്നു ഇൻറലിജൻസ് റിപ്പോർട്ട്. രഹസ്യാന്വേഷണ വിഭാഗത്തിൻറെ റിപ്പോർട്ട് പരിഗണിച്ചാണ് ട്രംപ് വെടിനിർത്തൽ കരാർ നീട്ടിയതെന്നും റിപ്പോർട്ടുകളുണ്ട്.

അതേസമയം പാക്കിസ്ഥാൻറെ അഭ്യർഥനയെ തുടർന്നാണ് വെടിനിർത്തൽ നീട്ടിയതെന്നായിരുന്നു ട്രംപിൻറെ വാദം. വെടിനിർത്തൽ നീട്ടാൻ തങ്ങൾ ആവശ്യപ്പെട്ടിട്ടില്ലെന്ന് ഇറാനും വ്യക്തമാക്കിയിരുന്നു. അമേരിക്കയുടെയും സഖ്യകക്ഷികളുടെയും ഏത് ഭീഷണികൾക്കും ശത്രുതാപരമായ നടപടികൾക്കും പ്രതികരിക്കാൻ തങ്ങൾ തയാറാണെന്നും ഇറാൻ അറിയിച്ചിരുന്നു.

## വിദേശ കപ്പലിന് ഡീസൽ എത്തിച്ച് വിഴിഞ്ഞം പോർട്ട് അധികൃതർ



വിഴിഞ്ഞം: മത്സ്യബന്ധന ബോട്ടിൽ ഇടിച്ച് അപകടമുണ്ടാക്കിയതിനെ തുടർന്ന് അധികൃതർ പിടികൂടി വിഴിഞ്ഞത്ത് പുറകടലിൽ നങ്കൂരമിട്ടിരിക്കുന്ന വിദേശ ചരക്ക് കപ്പലിന് അടിയന്തിരമായി ഡീസൽ എത്തിച്ച് നൽകി വിഴിഞ്ഞത്തെ പോർട്ടധികൃതർ. വിയറ്റ്നാമിൻറെ ഓയിൽ ടാങ്കറായ എം. വി. സോളിസിനാണ് ഡീസൽ തീർന്നതിനെ തുടർന്ന് അടിയന്തര സഹായമെത്തിച്ചത്. ഒരു ദിവസം കൂടി താമസിച്ചിരുന്നെങ്കിൽ എൻജിൻ ഓഫായി കപ്പൽ ബ്ളാക്കൗട്ടായി നിയന്ത്രണംവിട്ട് ഒഴുകിപ്പോകുന്ന ഗുരുതര സാഹചര്യം ഉണ്ടാകുമായിരുന്നുവെന്ന് വിഴിഞ്ഞം പോർട്ട് അധികൃതർ വ്യക്തമാക്കി.

രണ്ടുദിവസം മുമ്പ് ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന് കപ്പലിൻറെ ക്യാപ്റ്റൻ ഗുരുതര സാഹചര്യം വിശദീകരിച്ചും അടിയന്തിര സഹായം അഭ്യർഥിച്ചും ഇ-മെയിൽ അയച്ചിരുന്നു. തുടർന്ന് ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് കപ്പൽ സന്ദർശിച്ച് സ്ഥിതിഗതി വിലയിരുത്തി നടപടി സ്വീകരിക്കാൻ വിഴിഞ്ഞം പോർട്ട് അധികൃതർക്ക് നൽകിയ നിർദേശത്തിൻറെ അടിസ്ഥാനത്തിൽ മാരിടൈം ബോർഡ് തുറമുഖത്തിൻറെ പോർട്ട് ഓഫീസർ രഞ്ജിത്ത്, പർസർ വിനുലാൽ, സൂപ്പർവൈസർ അജീഷ് എന്നിവർ കപ്പലിൽ കയറിയ നടത്തിയ പരിശോധനയിൽ കപ്പൽ ബ്ളാക്കൗട്ടിൻറെ വക്കിലാണെന്ന് മനസിലാക്കിയാണ് അടിയന്തിരമായി 1000 ലിറ്റർ ഡീസൽ ഇന്നലെ എത്തിച്ച് നൽകിയത്. അടിയന്തിര സാഹചര്യം കണക്കിലെടുത്ത് വിദേശ കപ്പലുകൾക്ക് ഇന്ധനം നിറയ്ക്കാനുള്ള നടപടി ക്രമങ്ങൾ ഒഴിവാക്കി പ്രാദേശികമായുള്ള പമ്പിൽ നിന്ന് കാനുകളിൽ ഡീസൽ ശേഖരിച്ചാണ് കപ്പലിലെത്തിച്ചത്. ഈ കപ്പലിലേക്കാവശ്യമായ ഒരു ലക്ഷത്തി ഇരുപതിനായിരം ലിറ്റർ ഡീസലുമായി ഒരു ബങ്കർ ബാർജ് കൊച്ചിയിൽനിന്നും ഉടൻ എത്തുമെന്നും പോർട്ടധികൃതർ അറിയിച്ചു. ഇക്കഴിഞ്ഞ മാർച്ച് ഏഴിനു പകൽ രണ്ടരയോടെയാണ് ഒമാനിൽനിന്ന് കൊളംബോയ്ക്ക് പോവുകയായിരുന്ന വിയറ്റ്നാമിൻറെ ഓയിൽ ടാങ്കറായ എം. വി. സോളിസ് കൊല്ലം സ്വദേശിയുടെ ബോട്ടിലേക്ക് ഇടിച്ചു കയറിയത്. ഭക്ഷ്യയോഗ്യമായ എഡിബിൾ ഓയിൽ ഇറക്കിയ ശേഷം കൊളംബോയിൽനിന്ന് മടക്കയാത്രക്കിടയിലായിരുന്നു അപകടമുണ്ടായത്. തീരത്തുനിന്ന് ഏകദേശം 170 കിലോമീറ്റർ ഉൾക്കടലിൽ നടന്ന സംഭവത്തിൽ ബോട്ടിലുണ്ടായിരുന്ന പതിനൊന്നു മത്സ്യതൊഴിലാളികളിൽ രണ്ടു പേരെ കാണാതാവുകയും ഒൻപത് പേരെ കപ്പൽ ജീവനക്കാർ രക്ഷപ്പെടുത്തുകയുമായിരുന്നു. ഡിജി ഓഫ് ഷിപ്പിംഗ് അന്വേഷണം ഏറ്റെടുത്തതോടെ തീര സംരക്ഷണ സേന പിടികൂടി കൈമാറിയ കപ്പലിനെ വിഴിഞ്ഞം തുറമുഖത്ത് എത്തിക്കുകയായിരുന്നു.

അന്വേഷണം ഏറ്റെടുത്ത ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് അധികൃതരുടെയും വിദേശ ഇൻഷ്വൻസ് അധികൃതരുടെയും പരിശോധനയും തെളിവെടുപ്പും കഴിഞ്ഞെങ്കിലും നഷ്ട പരിഹാരത്തിൻറെയും നിയമപരമായ മറ്റു കാര്യങ്ങളുടെയും ചർച്ചകൾ പൂർത്തിയാകാത്തതിനെ തുടർന്നാണ് വിഴിഞ്ഞത്ത് കുടുങ്ങിക്കിടക്കുന്നത്. വ്യക്തമായ തീരുമാനം ഉണ്ടാകുന്നതു വരെ കപ്പൽ തുറമുഖ അധികൃതരുടെ നിയന്ത്രണത്തിൽ തുടരും.



# നെട്ടയത്തെ രാഷ്ട്രീയ സംഘട്ടനം: വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷൻ ഉപരോധിച്ച് മഹിളാമോർച്ച

പേരൂർക്കട: നെട്ടയത്തെ രാഷ്ട്രീയ സംഘട്ടനത്തിന്റെ ചുവടുപിടിച്ച് ബിജെപി പ്രവർത്തകരായ ഏഴുപേർ വട്ടിയൂർക്കാവ് പോലീസിന്റെ പിടിയിലായി. നെട്ടയം, വട്ടിയൂർക്കാവ് സ്വദേശികളായ സുനിൽ, സനൽ, അയ്യപ്പൻ, അഭിലാഷ്, അനിൽകുമാർ, അൽ-അമൽ ഹാഷിം, കണ്ണൻ എന്നിവരാണ് പിടിയിലായത്. ഇടപ്പഴനി കുമാരാരാമം സുബ്രഹ്മണ്യ ക്ഷേത്രത്തിനുള്ളിൽനിന്നാണ് ഇവരെ അറസ്റ്റുചെയ്തതെന്നു വട്ടിയൂർക്കാവ് പോലീസ് അറിയിച്ചു.

മലമുകൾ ഭാഗത്തുള്ള ഒരു ബിജെപി പ്രവർത്തകന്റെ ഭാര്യയെ അസഭ്യം പറഞ്ഞുവെന്ന പരാതിയെ തുടർന്ന് രണ്ടുദിവസം മുമ്പുണ്ടായ സംഘർഷമാണ് രാഷ്ട്രീയ സംഘർഷമായി മാറിയത്. സിപിഎം-ബിജെപി സംഘർഷത്തിലാണ് നിരവധി പേർക്ക് പരിക്കേറ്റത്. സംഭവത്തെ തുടർന്ന് കല്ലേറും തുടർന്നു പോലീസിന്റെ ലാത്തിച്ചാർജ്ജും ഉണ്ടാകുകയായിരുന്നു. ഇതിനിടെ സിപിഒ ദീപുവിന്റെ തലയ്ക്ക് ഗുരുതരമായി പരിക്കേൽക്കുകയും ഇദ്ദേഹത്തെ സ്വകാര്യാശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തിരുന്നു. സിപിഒ ഇപ്പോഴും ചികിത്സയിൽ കഴിയുകയാണ്. സംഭവ ത്തിൽ നാലുപോലീസുകാർക്കുകൂടി പരിക്കേറ്റിരുന്നു. ഇതിനിടെ സംഘർഷവുമായി ബന്ധപ്പെട്ട് സിപിഎം-ബിജെപി നേതൃത്വങ്ങളിൽ നിന്നുള്ള നിരവധി പേർക്കും പരിക്കേറ്റിരുന്നു.

മലമുകൾ സംഘർഷത്തിലേർപ്പെട്ടവരെ പിടികൂടുന്നതിനു ചൊവ്വാഴ്ച വട്ടിയൂർക്കാവ് സിഐ വിപിന്റെ നേതൃത്വത്തിലുള്ള സംഘം അന്വേഷണം ആരംഭിച്ചിരുന്നു. ഇതിനിടെയാണ് പ്രവർത്തകർ ക്ഷേത്രത്തിനുള്ളിൽ ഒളിച്ചിരിക്കുന്നുവെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ സിഐ ഉൾപ്പെട്ട സംഘം തിരുവനന്തപുരം ഇടപ്പഴനി കുമാരാരാമം സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ എത്തിച്ചേർന്നത്. അക്രമികളെ പിടികൂടാനുള്ള ശ്രമത്തിനിടെ ക്ഷേത്രത്തിലെ മതപാഠശാല യോഗം നടന്ന സ്ഥലത്ത് എത്തുകയും പോലീസ് വാതിൽ ചവിട്ടിപ്പൊളിച്ച് അകത്തുകയറുകയുമായിരുന്നു.

ക്ഷേത്രത്തിനുള്ളിൽ അതിക്രമിച്ചു കടന്നു നാശനഷ്ടങ്ങൾ വരുത്തിയതിനെതിരേ ക്ഷേത്രസംരക്ഷണസമിതി കടുത്ത പ്രതിഷേധമാണ് രേഖപ്പെടുത്തിയത്. പകൽസമയത്തു നടന്ന സംഭവം കടന്നുകയറ്റമായിരുന്നുവെന്നു ക്ഷേത്രഭാരവാഹികളും പറയുന്നു.

ഇതിനിടെ പിടികൂടിയ ഏഴു പ്രവർത്തകരെയും പോലീസ് മർദിച്ചുവെന്നും ആരോപണം ഉയർന്നു. ചിലരുടെ മുഖത്ത് ഗുരുതരമായ പരിക്കേറ്റിട്ടുണ്ട്. ചിലർക്ക് അടിവയറിനും മർദനമേറ്റു. പലരെയും ഗുരുതരാവസ്ഥയിലാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. സിഐയുടെ നേതൃത്വത്തിലുള്ള സംഘം ബിജെപി പ്രവർത്തകരെ ക്രൂരമായി മർദിച്ചശേഷമാണ് പിടിച്ചുകൊണ്ടുപോയതെന്ന് ബി. ജെ. പി നേതൃത്വം പറയുന്നു. അതേസമയം സിപിഎം പ്രവർത്തകരെ ആരെയും പിടികൂടിയിട്ടില്ലെന്നും സിഐയുടെ പ്രത്യേക താൽപ്പര്യമാണ് ഇതിനു പിന്നിലെന്നും ആരോപണം ഉയർന്നിട്ടുണ്ട്. കസ്റ്റഡിയിലായവർ ഗുരുതരമായി പരിക്കേറ്റു ചികിത്സയിൽ കഴിയുകയാണ്.

അറസ്റ്റിലായ ബിജെപി പ്രവർത്തകരെ മർദിച്ചതിൽ പ്രതിഷേധിച്ച് മഹിളാ മോർച്ചയുടെ നേതൃത്വത്തിൽ വട്ടിയൂർക്കാവ് സ്റ്റേഷനു മുന്നിൽ പ്രതിഷേധം സംഘടിപ്പിച്ചു.

മുദ്രാവാക്യം വിളികളുമായി സ്റ്റേഷൻ ഉപരോധിക്കാൻ ശ്രമിച്ച വനിതാ പ്രവർത്തകരെ പോലീസ് ജലപീരങ്കി പ്രയോഗിച്ചാണ് നീക്കിയത്. നെട്ടയം സംഘർഷത്തിൽ അറസ്റ്റിലായ ഏഴുപേരെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

# തീ കൊണ്ട് കളിക്കുന്ന പൂരങ്ങൾ വേണ്ട: ആർ. ശ്രീലേഖ

തിരുവനന്തപുരം: തീ കൊണ്ട് കളിക്കുന്ന പൂരവും കാട്ടാനയെ പീഡിപ്പിക്കുന്ന കെട്ടുകാഴ്ചകളും വേണമോയെന്ന് പുനർ വിചിന്തനം നടത്തണമെന്ന് മുൻ ഡിജിപിയും ബിജെപി സംസ്ഥാന വൈസ് പ്രസിഡന്റുമായ ആർ. ശ്രീലേഖ. തന്റെ ഫേസ്ബുക്ക് പോസ്റ്റിലാണ് ഡിജിറ്റൽ യുഗത്തിലെങ്കിലും ഇത്തരം പ്രകൃതി വിരുദ്ധ ആചാരങ്ങൾ ഒഴിവാക്കിക്കൂടേയെന്ന് ശ്രീലേഖ ചോദിക്കുന്നത്.

**ശ്രീലേഖയുടെ ഫേസ്ബുക്ക് പോസ്റ്റിന്റെ പൂർണരൂപം:** തൃശൂർ ഒരു വെടിപ്പുരക്ക് തീപിടിച്ച് 15 പേർ മരിച്ചു! ഹാ കഷ്ടം! വെറുതെ പൊലിഞ്ഞ കുറെ ജീവനുകൾ! പൂരം വെടിക്കെട്ടിനായി പടക്കം ഉണ്ടാക്കുകയായിരുന്നു ഇവിടെ. പോലീസും ഫയർ & റെസ്ക്യൂ വകുപ്പും അറിഞ്ഞിരുന്നോ അവിടെ ഇങ്ങനെയൊരു പടക്ക നിർമാണശാല പ്രവർത്തിച്ചിരുന്നു എന്ന് വേണ്ട സുരക്ഷാ നടപടികൾ ചെയ്തിരുന്നോ

ഇനിയും ഇതുപോലെ എത്ര പടക്കനിർമാണ ശാലകൾ തൃശൂരിൽ ഉണ്ട് എന്നറിയാമോ അവയിൽ എത്രയെണ്ണം വേണ്ട സുരക്ഷിതത്തോടെയാണ് പ്രവർത്തിക്കുന്നതെന്ന് അറിയാമോ

ഇതൊക്കെ നോക്കാൻ ആർക്കാണ് സമയം എല്ലാ ഉദ്യോഗസ്ഥരും ഇപ്പോൾ രാഷ്ട്രീയം കളിച്ച് നടക്കുകയല്ലേ ഏതെങ്കിലും അത്യാവശ്യ കാര്യത്തിന് ആരെങ്കിലും ഒന്ന് ഫോൺ ചെയ്താൽ അതെടുക്കുന്ന ഏതെങ്കിലും ജില്ലാ പോലീസ് മേധാവികൾ ഉണ്ടോ

എന്തിനാണ് നമുക്ക് തീ കൊണ്ട് കളിക്കുന്ന ഇത്തരം പൂരങ്ങൾ മനുഷ്യജീവനുകൾ പണയം വെക്കുന്ന ഉത്സവങ്ങൾ കാടുകളിൽ ജീവിക്കേണ്ട ആനയെ നിരത്തി നിർത്തി പീഡിപ്പിക്കുന്ന കെട്ടുകാഴ്ചകൾ ഇനിയെങ്കിലും, ഈ ഡിജിറ്റൽ യുഗത്തിലെങ്കിലും ഒരു പുനർചിന്തനം നടത്തിക്കൂടെ

നമ്മുടെ ക്ഷേത്രങ്ങൾക്ക് ആചാരപ്രകാരമുള്ള പൂജയും ഭക്തദർശനവും കാഴ്ച്ചയും ഒക്കെയല്ലേ പ്രധാനം ഉത്സവ സമയം മനുഷ്യനും മൃഗത്തിനും ഭൂപ്രകൃതിക്കും ദോഷം വരുത്തുന്ന വെടിക്കെട്ടും മറ്റും വേണ്ട എന്ന് വെച്ചൂടെ

# കാട്ടുപന്നികളെ തുരത്താൻ സൗരോർജവേലി പദ്ധതിക്ക് പവിത്രേശ്വരത്ത് തുടക്കം

പുത്തൂർ: കർഷകന്റെ പ്രതീക്ഷകളെ തകർക്കുന്ന കാട്ടുപന്നികളെ ഫലപ്രദമായി തടയാൻ പവിത്രേശ്വരം പഞ്ചായത്തിൽ സൗരോർജവേലി പദ്ധതിക്കു തുടക്കമായി. ബ്ലോക്ക് പഞ്ചായത്തിന്റെകൂടി സഹകരണത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. സോളാർ പാനൽ ഉപയോഗിച്ച് വൈദ്യുതിയുത്പാദിപ്പിച്ചു വേലിയിലൂടെ പ്രവഹിപ്പിക്കുകയാണ് രീതി. വേലിയിൽ തൊട്ടാൽ വൈദ്യുതാഘാതമേൽക്കും. ഇടവിട്ട് വൈദ്യുതി കടത്തിവിടുന്ന രീതിയായതിനാൽ അപകടം സംഭവിക്കാനുള്ള സാധ്യത കുറവാണ്. എന്നാൽ പന്നികളെ ഭയപ്പെടുത്തി തുരത്താൻ പര്യാപ്തമാണുതാനും. ആവശ്യമുള്ള സമയങ്ങളിൽമാത്രം വൈദ്യുതി കടത്തിവിടാനുള്ള നിയന്ത്രണസംവിധാനവുമുണ്ട്. നാട്ടുകാർക്കു ജാഗ്രതാ സന്ദേശമായി ഇടവിട്ട് മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിക്കും.

പദ്ധതിയുടെ ആദ്യഘട്ടമായി 3,966 മീറ്റർ വേലിയാണ് സ്ഥാപിക്കുക. ഇതിനോടകം ചെറുപൊയ്കയിൽ 1,777 മീറ്റർ സ്ഥാപിച്ചുകഴിഞ്ഞതായി കൃഷിവകുപ്പ് അധികൃതർ പറഞ്ഞു. പദ്ധതി ഏറെ ഗുണം ചെയ്യുന്നതായാണ് വേലി സ്ഥാപിച്ച പ്രദേശങ്ങളിലെ കർഷകർ പറയുന്നത്. മീറ്ററിന് 250 രൂപയാണ് ചെലവ്. ഇതിൽ 50 ശതമാനം കർഷകർ വഹിക്കണം. ബാക്കി സബ്സിഡിയായി ലഭിക്കും. കാട്ടുപന്നിശല്യം അതിരൂക്ഷമായ ഒട്ടേറെ ഭാഗങ്ങൾ പവിത്രേശ്വരം പഞ്ചായത്തിലുണ്ട്. ആദ്യഘട്ടത്തിന്റെ വിജയസാധ്യത പഠിച്ചശേഷം പ്രയോജനകരമെങ്കിൽ പഞ്ചായത്തിലുടനീളം പദ്ധതി വ്യാപിപ്പിക്കാനാണ് അധികൃതരുടെ ലക്ഷ്യം.

3,95,840 രൂപ ഗ്രാമപ്പഞ്ചായത്ത് പ്ലാൻ ഫണ്ടും ഒരുലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തുമാണ് നിലവിൽ പദ്ധതിക്കായി നീക്കിവെച്ചിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭിച്ചെങ്കിലും ഗ്രാമപ്പഞ്ചായത്ത് വിഹിതം ലഭിച്ചിട്ടില്ല. അതിനാൽ നിലവിൽ വേലി സ്ഥാപിച്ചവർ സ്വന്തം നിലയിൽ പണം മുടക്കിയിരിക്കുകയാണ്. പഞ്ചായത്ത് ഫണ്ട് ലഭ്യമായാൽ ഉടൻതന്നെ സബ്സിഡി വിതരണം ചെയ്യും. കാട്ടുപന്നിശല്യത്താൽ വാഴയും മറ്റു കിഴങ്ങുവർഗങ്ങളും കൃഷി ചെയ്യാൻ കഴിയാത്ത അവസ്ഥയായിരുന്നു. സൗരോർജവേലി നിർമിച്ചത് ഏറെ പ്രയോജനകരമായ എന്നാണ് നാട്ടുകാർ പറയുന്നത്.

# വേനൽ ചൂടും വരൾച്ചയും; കൃഷി കരിഞ്ഞുണങ്ങുന്നു

കോട്ടയം: വേനൽ ചൂടിൽ ജില്ലയിൽ പലയിടത്തും കൃഷികൾ ഉണങ്ങി നശിക്കുന്നു. കടുത്ത ചൂടിൽ പുഴ, തോട്, കിണർ ഉൾപ്പെടെ വറ്റി വരണ്ടുതുടങ്ങിയതിനു പുറമേയാണു കൃഷികൾ ഉണങ്ങി നശിക്കുന്നത്. ജില്ലയിൽ ഭൂരിഭാഗം കർഷകരുടെയും കാർഷിക വിളകൾ കരിഞ്ഞു തുടങ്ങി.

വാഴ, കാപ്പി, കുരുമുളക്, ഏലം, ജാതി, കൊക്കോ അടക്കമുള്ള കൃഷികളാണ് ഉണക്കു ബാധിച്ചു കരിഞ്ഞു നശിക്കുന്നത്. സാധാരണ വേനലിനെ പ്രതിരോധിക്കുന്ന പൂവൻ വാഴകൾക്കും ഇത്തവണത്തെ കൊടുംചൂടിൽ പിടിച്ചു നിൽക്കാനാകുന്നില്ല. കമുകു കർഷകരും പ്രതിസന്ധിയിലാണ്.

ലക്ഷങ്ങൾ വായ്പ എടുത്ത് രാപ്പകൽ അധ്വാനിച്ച് വളർത്തിയെടുത്ത വാഴകൾ കുല വെട്ടുന്നതിന് മുൻപ് തന്നെ ഒടിഞ്ഞുവീഴുന്നത് കാണേണ്ടി വരുന്ന ദുരവസ്ഥയിലാണ് വാഴ കർഷകർ. വർധിച്ച് വരുന്ന വേനൽ ചൂടിൽ വെള്ളമില്ലാതെ വന്നതോടെയാണ് വാഴക്കുലകൾ വിളയുന്നതിന് മുൻപ് തന്നെ വാഴകൾ ഒടിഞ്ഞ് വീഴുന്നതെന്ന് കർഷകർ പറയുന്നു. വിവിധ ബാങ്കുകളിൽ നിന്നായി ലക്ഷത്തോളം രൂപ വായ്പയെടുത്ത് വാഴക്കൃഷി നടത്തിവരുന്ന കർഷകരും പ്രതിസന്ധിയിലാണ്. മുൻ വർഷങ്ങളിൽ വേനൽ ഉണ്ടാകുമെങ്കിലും ഇടയ്ക്ക് പെയ്യുന്ന മഴ കർഷകർക്ക് ആശ്വാസം പകർന്നിരുന്നു. എന്നാൽ ഇത്തവണ മഴ പെയ്യാതെ വന്നതിനാൽ വാഴകൾ ഭൂരിഭാഗവും കുലച്ചതിനുശേഷം ഒടിഞ്ഞു പോവുകയാണ് ചെയ്തത്. വാഴയിലെ ജലാംശം നഷ്ടപ്പെടുന്നതാണ് ഇത്തരത്തിൽ വാഴ ഒടിയുന്നതിന് കാരണമാകുന്നതെന്ന് കർഷകർ പറയുന്നു. വേനൽ കടുത്തതോടെ സമാനതകളില്ലാത്ത പ്രതിസന്ധിയാണ് ഇത്തവണ ഹൈറേഞ്ചിലെ കർഷകരും നേരിടുന്നത്. നനയ്ക്കാൻ സൗകര്യം ഇല്ലാത്ത തോട്ടങ്ങളെയാണ് വരൾച്ച കൂടുതലായി ബാധിച്ചത്. എല്ലാ വിളകളും ഉണങ്ങി നശിക്കുന്ന അവസ്ഥയാണ് നിലവിൽ ഉള്ളത് തെങ്ങുകളെ വരെ വരൾച്ച ബാധിച്ചു. ചൂട് കൂടിയതോടെ മിക്ക സ്ഥലത്തും റബർ ടാപ്പിഗ് നിലച്ചു. വരുമാനം ഇല്ലാതെ കർഷകരും ജോലി ഇല്ലാതെ തൊഴിലാളികളും ദുരിതത്തിലായി.

**ക്ഷീര കർഷകരും പ്രതിസന്ധിയിൽ**

വയലുകളിലെ കുളങ്ങൾ വറ്റിയതും പുല്ല് കരിഞ്ഞുണങ്ങിയതും പോത്ത് വളർത്തുന്നവരെയും ദുരിതത്തിലാക്കിയിരിക്കുകയാണ്. ചൂട് കാരണം പാൽ കറവ കുറഞ്ഞതോടെ ക്ഷീര കർഷകരും പ്രതിസന്ധിയിലാണ്. പച്ചപ്പുല്ല് ലഭ്യമല്ലാത്തതിനാൽ കാലിത്തീറ്റയെ കൂടുതൽ ആശ്രയിക്കേണ്ട അവസ്ഥയിലാണ് ക്ഷീര കർഷകർ. പുഴയിൽ വെള്ളം കെട്ടിനില്ക്കുന്ന ഭാഗത്തെ കർഷകർക്കു മാത്രമാണ് അൽപ്പമാശ്വാസമുള്ളത്. മഴ നേരത്തെ എത്തിയില്ലെങ്കിൽ കർഷക ജീവിതങ്ങളും കരിഞ്ഞുണങ്ങും.

# വെള്ളായണി ദേവീ ക്ഷേത്രത്തിൽ പറണേറ്റ് ഇന്ന്; നിലത്തിൽ പോര് നാളെ

നേമം: മേജർ വെള്ളായണി ദേവീ ക്ഷേത്രത്തിൽ കാളിയൂട്ട് ഉത്സവത്തോടനുബന്ധിച്ചുള്ള പറണേറ്റ് ഇന്ന് നടക്കും. രാത്രി 10. 15നു പറണേറ്റിന് തുടക്കമാകും. തെങ്ങും കമുകും ഉപയോഗിച്ച് നിർമിച്ച പറണിന്റെ ഒരുക്കങ്ങളെല്ലാം പൂർത്തിയായി. രണ്ടുദിവസം മുമ്പ് കാളിദാസൻ എന്ന ആന എത്തിയാണ് പറണിന്റെ കാൽനാട്ട് നടത്തിയത്. ദേവിക്കും ദാരികനും വേണ്ടി അഭിമുഖമായി രണ്ട് പറണുകളാണ് ക്ഷേത്ര പരിസരത്ത് ഉയർന്നത്. ദേവിക്ക് അറുപതടി ഉയരത്തിലും ദാരികന് അതിന്റെ പകുതി ഉയരത്തിലുമാണ് പറണ് നിർമിക്കുന്നത്. ദേവിയിരുന്ന അണിയറ പന്തൽ പൊളിച്ച് ദാരികനും സംഘവും തെക്കെ ദിക്കിലെ പറണിൽ കയറുന്നതോടെ ദേവിയും ദാരികനും തമ്മിൽ മുഖാമുഖം തോറ്റംപാട്ടിലൂടെ പോർവിളി തുടങ്ങും. ഏഴു പോരിനുശേഷം ആകാശത്തിൽ വച്ച് ദാരികനെ വധിക്കാനാകാതെ ബ്രഹ്മമുഹൂർത്തത്തിൽ ദേവി പറണിൽ നിന്നിറങ്ങി നിലത്തിൽ പോരിൽ ദാരികനെ വധിക്കും.

നാളെ രാവിലെ ഏഴിനാണ് നിലത്തിൽ പോര് തുടങ്ങുക. വൈ കുന്നേരം നാലിന് ആറാട്ട് കഴിഞ്ഞ് രാത്രി 10. 15നുമേൽ താലപ്പൊലിയോടുകൂടി തങ്കത്തിരുമുടി അകത്തെഴുന്നെള്ളിക്കുന്നതോടെ അറുപ്പത്തിയെട്ട് ദിവസം നീണ്ടുനിന്ന കാളിയൂട്ടുത്സവത്തിന് സമാപനമാകും.

നേമം കെഎസ്ഇബിയുടെ നേതൃത്വത്തിലാണ് പറണിലെ ദീപാലങ്കാരം. ഉത്സവത്തിന്റെ പ്രധാന ചടങ്ങുകളിലൊന്നായ കാലൻ പുറപ്പാട് ഇന്നലെ രാത്രി നടന്നു. ഉത്സവത്തിന്റെ അവസാന ദിവസമായ നിലത്തിൽപ്പോര് നടക്കുന്ന നാളെ കല്ലിയൂർ, പള്ളിച്ചൽ, ബാലരാമപുരം, വെങ്ങാനൂർ പഞ്ചായത്തുകളിലേയും തിരുവല്ലം ഉൾപ്പടെ കോർപറേഷനിൽ ലയിപ്പിച്ച പഴയ നേമം പഞ്ചായത്തിലെ പ്രദേശങ്ങളിലേയും സർക്കാർ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർ പ്രാദേശിക അവധി പ്രഖ്യാപിച്ചു. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് അവധി ബാധകമല്ല. ഉത്സവത്തോടനുബന്ധിച്ച് വൻ തിരക്കാണ് ക്ഷേത്രത്തിൽ അനുഭവപ്പെടുന്നത്.

# കുടിവെള്ള പദ്ധതികൾ അവതാളത്തിൽ; ദുരിതമകലാതെ കടയ്ക്കാമൺ ഗ്രാമം

പത്തനാപുരം: രണ്ടു കുടിവെള്ള പദ്ധതികളുണ്ടായിട്ടും കുടിവെള്ളത്തിനായി നെട്ടോട്ടമോടുകയാണ് പിറവന്തൂർ പഞ്ചായത്തിലെ കടയ്ക്കാമൺഅംബേദ്കർ ഗ്രാമം. ഏകദേശം ആയിരത്തിൽപരം കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ഗ്രാമം കനത്ത വേനലിൽ വാടി തളരുകയാണ്. കുരിയോട്ടുമല കുടിവെള്ള പദ്ധതിയും ജൽ ജീവൻ മിഷൻ കടയ്ക്കാമൺ ഗ്രാമീണ കുടിവെള്ള പദ്ധതിയും ഈ പഞ്ചായത്തെ ജലസമൃദ്ധിയിലാക്കേണ്ടതാണ്. ഇതിൽ കുരിയോട്ടുമല കുടിവെള്ള പദ്ധതി ഉന്നതിനഗറിന്റെ ഒരു ഭാഗത്തും ജൽജീവൻ മിഷൻ പദ്ധതി ഉന്നതി നഗറിന്റെ മറുഭാഗത്തുമായാണ് കുടിവെള്ളമെത്തിക്കുന്നത്.

എന്നാൽ കുരിയോട്ടുമല കുടിവെള്ള പദ്ധതിയിൽനിന്ന് യഥാസമയങ്ങളിൽ വെള്ളമെത്താറില്ലെന്നു ഗ്രാമവാസികൾ പറയുന്നു. കൃത്യമായ രീതിയിൽ വെള്ളം പമ്പ് ചെയ്യാൻ കഴിയാത്തതാണ് ഇതിനു കാരണമായി ചൂണ്ടിട്ടപ്പെടുന്നത്. പത്തനാപുരം പഞ്ചായത്തിന്റെ വിവിധമേഖലകളിലേക്കും കുടിവെള്ളമെത്തിക്കുന്ന പദ്ധതിയാണ് കുരിയോട്ടുമല കുടിവെള്ള പദ്ധതി. ഗ്രാമീണ വാസികൾക്കു സമ്പൂർണമായി കുടിവെള്ളമെത്തിക്കുന്നതിനായി കമീഷൻ ചെയ്ത ജൽജീവൻ മിഷൻ കടയ്ക്കാമൺ ഗ്രാമീണ കുടിവെള്ള പദ്ധതി ഇപ്പോൾ നോക്കുകുത്തിയായ അവസ്ഥയിലാണ്. 2003 ഡിസംബർ 15നാണ് പദ്ധതി കമീഷൻ ചെയ്തത്.

ഇവിടെ പന്പിംഗ് മുടങ്ങിയിട്ട് മാസങ്ങളായെന്ന് നാട്ടുകാർ പറയുന്നു. തുടർച്ചയായി മോട്ടോർ തകരാറിലാകുന്നതാണ് പമ്പിംഗിനു തടസം സൃഷ്ടിക്കുന്നത്. ഇതുമൂലം വേനലിൽ നൂറുകണക്കിന് കുടുംബങ്ങൾ വെള്ളമില്ലാതെ നെട്ടോട്ടമോടുകയാണ്. പന്പിംഗിനുള്ള സമയങ്ങളിൽ കലക്കവെള്ളമാണ് വീടുകളിൽ എത്തിയിരുന്നതെന്നും നാട്ടുകാർ പറയുന്നു. കുന്നും മലയും താണ്ടി പലരും ദൂരസ്ഥലങ്ങളിൽനിന്ന് കുടിവെള്ളം ശേഖരിക്കുകയാണ് പതിവ്. കൂലിപ്പണി ചെയ്ത് കുടുംബം പോറ്റുന്ന നിർധനർക്ക് പണം നൽകി കുടിവെള്ളം വാങ്ങാൻ പോലും കഴിയാത്ത സ്ഥിതിയാണ്. കൊടുംവേനലിലും കുടിവെള്ളം ലഭിക്കാതെ ആയിരക്കണക്കിന് പേർ ബുദ്ധിമുട്ടുന്നത് അധികൃതർ കണ്ടില്ലെന്ന് നടിക്കുകയാണെന്ന പരാതിയാണുയരുന്നത്.

# തീരാനോവിന് ഒരാണ്ട്; പഹൽഗാമിൽ കൊല്ലപ്പെട്ട എൻ. രാമചന്ദ്രന് ശ്രദ്ധാഞ്ജലിയർപ്പിച്ച് ജന്മനാട്

കൊച്ചി: പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട എറണാകുളം സ്വദേശി എൻ. രാമചന്ദ്രന് ശ്രദ്ധാഞ്ജലിയർപ്പിച്ച് ജന്മനാട്. ഇടപ്പള്ളി ദേവൻകുളങ്ങരയിൽ അനുസ്മരണ ചടങ്ങുകൾ സംഘടിപ്പിച്ചു. രാമചന്ദ്രന്റെ ഭാര്യ ഷീലയും, മകൾ ആരതിയും ചടങ്ങിന്റെ ഭാഗമായി. നാട്ടുകാരും സുഹൃത്തുക്കളും ശ്രദ്ധാഞ്ജലികൾ അർപ്പിക്കാനെത്തി.

'കഴിഞ്ഞ വർഷം അച്ഛൻ എന്റെ കൂടെ ഉണ്ടായിരുന്നു. ഞങ്ങളുടെ കുടുംബത്തിന് ഉണ്ടായ നഷ്ടത്തിന്റെ വേദന എപ്പോഴും ഉണ്ടാവും. പക്ഷെ ആ വേദന എനിക്കൊരു ശബ്ദം തന്നു. മോദിജിയുടെ നേതൃത്വത്തിലുള്ള സർക്കാർ അതിന് ഉത്തരവും നൽകി. ബ്ലീഡ് ഇന്ത്യ വിത്ത് തൗസൻഡ് കട്ട്സ് എന്ന് പറയുന്ന പാക്കിസ്ഥാനു മുന്നിൽ ഇന്ത്യ കൂടുതൽ ശക്തമായി, ലോകത്തിന് മുന്നിൽ ഇന്ത്യയുടെ പ്രതിരോധ സംവിധാനം എന്താണ് എന്ന് കാണിച്ചു'- രാമചന്ദ്രന്റെ മകൾ ആരതി പറഞ്ഞു.

കഴിഞ്ഞ വർഷം ഇതേ ദിവസമാണ് ബൈസരൺവാലിയിൽ സഞ്ചാരികൾക്ക് നേരെ ഭീകരർ വെടിയുതിർത്തത്. സഞ്ചാരികളും പ്രദേശവാസികളും ഉൾപ്പെടെ 26 പേർ ആക്രമണത്തിൽ മരിച്ചു. മേയ് ഏഴിന് പാക്കിസ്ഥാനിലെ ഭീകര കേന്ദ്രങ്ങൾക്ക് നേരെ ഓപ്പറേഷൻ സിന്ദൂർ എന്ന നടപടിയിലൂടെ ഇന്ത്യ തിരിച്ചടിച്ചു.

മകൾക്കും ഭാര്യയ്ക്കും കൊച്ചുമകനുമൊപ്പം അവധി ആഘോഷിക്കാനായാണ് രാമചന്ദ്രൻ പഹൽഗാമിൽ എത്തിയത്. ആക്രമണം നടത്തിയ ഹാഷിം മൂസ, അഫ്ഗാനി, ജിബ്രാൻ എന്നിവരെ കഴിഞ്ഞ ജൂലൈയിൽ സൈന്യം കൊലപ്പെടുത്തി. ഭീകരരെ സഹായിച്ച രണ്ടു തദ്ദേശീയരെ അറസ്റ്റ് ചെയ്തു. സംഭവത്തിനു ശേഷം ജമ്മു കാഷ്മീരിലെ 44 വിനോദസഞ്ചാര കേന്ദ്രങ്ങൾ അടച്ചുപൂട്ടി. മിക്കവയും വീണ്ടും തുറന്നെങ്കിലും ബൈസരൺ അടഞ്ഞുകിടക്കുകയാണ്.

# കിഴക്കൻ മേഖലകളിൽ കുടിവെള്ളക്ഷാമം രൂക്ഷം

പുനലൂർ: കിഴക്കൻ മേഖലയിൽ ചൂടു കൂടിയതോടെ കുടിവെള്ളക്ഷാമം രൂക്ഷമാകുന്നു. ഉയർന്ന ഭാഗങ്ങളിൽ കുടിവെള്ളം കിട്ടാക്കനിയാകുന്നു. മുമ്പ് വാഹനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടിവെള്ളമെത്തിച്ചു കൊടുത്തിരുന്നു. നിലവിൽ അതില്ലാതായതോടെ ജനം വലയുകയാണ്. കിലോമീറ്ററുകൾ സഞ്ചരിച്ച് കാൽ നടയായി കുടിവെള്ളം കൊണ്ടുവരുന്നവരുമുണ്ട്. കുടിവെള്ള പദ്ധതികളുടെ പ്രവർത്തനവും ഫലപ്രദമല്ല. ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരമുള്ള കുടിവെള്ളവും എല്ലാ മേഖലകളിലുമെത്തുന്നില്ല. ഇതിനു പുറമെ വാട്ടർ അഥോറിറ്റിയുടെ കുടിവെള്ള പൈപ്പുകൾ പൊട്ടി വെള്ളം വൻതോതിൽ പാഴാകുന്നു. ലൈനിൽ കൃത്യമായി അറ്റകുറ്റപ്പണികളും നടക്കുന്നില്ല. പലഭാഗങ്ങളിലും വെള്ളം മുടങ്ങിയതോടെ നാട്ടുകാരും പ്രതിഷേധത്തിലാണ്.

കൃഷികളും വൻതോതിൽ കരിഞ്ഞുണങ്ങുന്നു. പാടങ്ങൾ വിണ്ടുകീറിയ നിലയിലാണ്. കല്ലട ജലസേചന പദ്ധതിയുടെ പ്രധാന ഭാഗമായ തെന്മലയിലെ പരപ്പാർ ഡാം 1984ൽ കമ്മീഷൻ ചെയ്തു. കൃഷി ആവശ്യത്തിനു വേണ്ടി വെള്ളം കൊണ്ടുപോകുന്നതിന് ഇടത്-വലത് കനാലുകൾ നിർമിച്ചു. 1986 മുതൽ വലത് കനാൽ വഴിയും 1992 മുതൽ ഇടത് കനാൽ വഴിയും ജലവിതരണം ആരംഭിച്ചു. ഈ കനാലുകൾ ദുർഘടമായ പർവ്വത മേഖലകളിലൂടെയാണ് കടന്നുപോകുന്നത്. അതിനാൽ ശതകോടികൾ ചെലവഴിച്ചു ടണലുകളും അക്വാഡറ്റുകളും നിർമിച്ചു. എന്നാൽ പത്ത് വർഷം കഴിഞ്ഞതോടെ ടണലുകളിൽ വിള്ളലും അക്വാഡറ്റുകളിൽ ചോർച്ചയും ആരംഭിച്ചു. സംസ്ഥാന സർക്കാർ മെയിന്റനൻസിനായി വർഷംതോറും കോടികളാണ് ചെലവഴിക്കുന്നത്. ആർക്കും ഉപകാരമില്ലാത്ത പദ്ധതിക്കു കേന്ദ്ര സർക്കാർ വർഷംതോറും പലിശ സഹിതം ഭീമമായ തുകയാണ് വിദേശ നാണ്യമായി ലോക ബാങ്കിന് അടച്ചുകൊണ്ടിരിക്കുന്നത്. കുടിവെള്ള വിതരണം ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്നില്ല. പൈപ്പുപൊട്ടൽ വ്യാപകമായി മാറുന്നു.

ദിവസേന പൈപ്പുപൊട്ടി കിഴക്കൻ മേഖലയിൽ നിന്ന് ലക്ഷക്കണക്കിന് ലിറ്റർ കുടിവെള്ളമാണ് പാഴായിപ്പോകുന്നത്. പദ്ധതി പ്രദേശങ്ങൾ കാടുമൂടി കിടക്കുമ്പോൾ അറ്റകുറപ്പണികളും മുടങ്ങുകയാണ്. കനാലിലൂടെ കൃത്യമായ രീതിയിൽ വെള്ളം ഒഴുകുന്നില്ല. കനാലിന്റെ പല ഭാഗങ്ങളും അടഞ്ഞുകിടക്കുകയാണ്.

# കാറും ബൈക്കും കൂട്ടിയിടിച്ച് അപകടം; ആർപിഎഫ് ഉദ്യോഗസ്ഥൻ മരിച്ചു

കൊച്ചി: കാറും ബൈക്കും കൂട്ടിയിടിച്ച് ഉണ്ടായ അപകടത്തിൽ റെയിൽവേ പോലീസ് ഉദ്യോഗസ്ഥൻ മരിച്ചു. എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിലെ ആർപിഎഫ് ഹെഡ് കോൺസ്റ്റബിളായ കാരുകുന്ന് കിഴക്കുംതല വീട്ടിൽ കെ. പി. ദേവസി (55) ആണ് മരിച്ചത്.

എറണാകുളം കരുമാലൂർ യുസി കോളജ് മറിയപ്പടിയിൽ ചൊവ്വാഴ്ച രാത്രിയായിരുന്നു അപകടം. ഉടൻ രാജഗിരി ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുനല്കും.

# വാണിയംപാറയിൽ രണ്ടര വയസുകാരന് പാമ്പ് കടിയേറ്റു

തൃശൂർ: വാണിയംപാറയിൽ വീട്ടിലെ ശുചിമുറിയിൽ വച്ച് രണ്ടര വയസുകാരന് പാമ്പ് കടിയേറ്റു. കൊമ്പഴ മോളിയേക്കൽ വീട്ടിൽ ശാന്തി പീറ്ററിന്റെ മകൻ ആദം എന്ന രണ്ടര വയസുകാരനാണ് പാമ്പ് കടിയേറ്റത്. ചൊവ്വാഴ്ച രാത്രിയാണ് സംഭവം. ശംഖുവരയൻ എന്ന ഇനത്തിൽപ്പെട്ട പാമ്പാണ് കടിച്ചത്. കുട്ടിയെ ജൂബിലി മിഷൻ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ബാത്ത് റൂമിന്റെ വെൻറിലേഷൻ വഴി പാമ്പ് കയറിയെന്നാണ് സംശയം. കുട്ടിയുടെ ആരോഗ്യനില തൃപ്തികരമാണെന്ന് ഡോക്ടർമാർ അറിയിച്ചു.

കഴിഞ്ഞദിവസമാണ് കൊടകരയിൽ എട്ട് വയസുകാരൻ ആൽജോ പാമ്പ് കടിയേറ്റ് മരിച്ചത്. കാവുങ്ങൽ സ്വദേശി സിൽജോയുടെ മകനാണ്. ആൽജോയുടെ സഹോദരൻ അനോഷ് ആശുപത്രിയിൽ തുടരുകയാണ്. കുട്ടിക്ക് ഭക്ഷ്യവിഷബാധയെന്നാണ് വീട്ടുകാർ ആദ്യം കരുതിയത്. എന്നാൽ ഡോക്ടർമാർക്ക് സംശയം തോന്നുകയും കുടുംബത്തോട് വീട് പരിശോധിക്കാൻ ആവശ്യപ്പെടുകയുമായിരുന്നു. ഇതേതുടർന്ന് ബന്ധുക്കൾ നടത്തിയ പരിശോധനയിലാണ് കുട്ടിയുടെ കിടപ്പുമുറിയിൽ നിന്ന് പാമ്പിനെ കണ്ടെത്തിയത്.

# കോൺഗ്രസിൻറേത് സ്ത്രീവിരുദ്ധ നയം: ഷോൺ ജോർജ്

കൊല്ലം: ഇനി ഭാവിയില്ല എന്ന കോൺഗ്രസിന്റെ തിരിച്ചറിവാണ് വനിതാ സംവരണ എതിർക്കാൻ കാരണമെന്ന് ബിജെപി സംസ്ഥാന ഉപാധ്യക്ഷൻ ഷോൺ ജോർജ്. കൊല്ലം പ്രസ്ക്ലബിൽ നടന്ന പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

തെരഞ്ഞെടുപ്പ് കാലഘട്ടമായതുകൊണ്ട് തന്നെ ബില്ലിനെ എതിർക്കുന്ന സമീപനം തികച്ചും സ്ത്രീവിരുദ്ധമാണ്. തിരിച്ചു ഭരണത്തിലേക്ക് വരിനാകില്ലെന്ന കോൺഗ്രസിൻറെ ആകുലതയാണ് കുറച്ച് ദിവസങ്ങളായി കാണാൻ സാധിക്കുന്നത്.

ജനകീയ പിന്തുണ ഉണ്ടെങ്കിൽ ഏതു നിയമത്തെയും തരണം ചെയ്യാൻ കഴിയും. രാജ്യത്തിൻറെ പുരോഗതിക്കൊപ്പം കോൺഗ്രസിന് നിൽക്കാനായില്ല എന്നുള്ളതാണ് വസ്തുത. ജനസംഖ്യ ആനുപാതികമായ ഡീലിമിറ്റേഷൻ കാലാ കാലങ്ങളായി താമസിപ്പിച്ചു.

54 കോടി ജനസംഖ്യയുള്ള കാലത്ത് തീരുമാനിക്കപ്പെട്ട ജനപ്രതിനിധികളുടെ എണ്ണം 140 കോടി ആകുമ്പോൾ തിരുത്താൻ കഴിയാത്ത സാഹചര്യമെന്ന് പറയുന്നത് ഭരണഘടന പറയുന്ന നിയമത്തിന് നേരെയുള്ള വെല്ലുവിളിയാണ്. ജനപ്രതിനിധികളുടെ എണ്ണം കൂടുന്നുവെന്ന് പറയുമ്പോഴുള്ള കോൺഗ്രസിൻറെ ആകുലത ഇനി ഭരണം കിട്ടില്ലെന്ന് തിരിച്ചറിഞ്ഞു കൊണ്ടാണെന്നും അദ്ദേഹം പറഞ്ഞു.

ബിജെപി സംസ്ഥാന സെക്രട്ടറി ഗോപകുമാർ, ബിജെപി വെസ്റ്റ് ജില്ലാ പ്രസിഡൻറ് എസ്. പ്രശാന്ത്, ജില്ലാ വൈസ് പ്രസിഡൻറ് ശശികലാറാവു, മഹിളാ മോർച്ച ജില്ലാ പ്രസിഡൻറ് ഐശ്വര്യ, ബിജെപി ഇരവിപുരം മണ്ഡലം പ്രസിഡൻറ് നിഷ എന്നിവർ പങ്കെടുത്തു.

# കുടകിലെ ഹോംസ്റ്റേയിൽ യുഎസ് വനിതയ്ക്ക് നേരേ ലൈംഗീകാതിക്രമം; ജീവനക്കാരനും ഉടമയും അറസ്റ്റിൽ

ബംഗളൂരു: കർണാടകയിലെ കുടകിൽ ഹോംസ്റ്റേയിൽ യുഎസ് വനിതയ്ക്ക് നേരേ ലൈംഗീകാതിക്രമം. കുടകിലെ കുട്ടയിലുള്ള സ്വകാര്യഹോംസ്റ്റേയിലാണ് സംഭവം.

ഹോംസ്റ്റേ ജീവനക്കാരനാണ് യുഎസ് വനിതയെ പീഡിപ്പിച്ചതെന്നാണ് പരാതി.

സംഭവത്തിൽ ജീവനക്കാരനായ ജാർഖണ്ഡ് സ്വദേശി വൃജേഷ്കുമാറിനെയും ഹോംസ്റ്റേ ഉടമയെയും പോലീസ് അറസ്റ്റ് ചെയ്തു. ഹോംസ്റ്റേയിൽ താമസിക്കുന്നതിനിടെയാണ് യുഎസ് വനിതയ്ക്ക് നേരേ അതിക്രമമുണ്ടായത്. എന്നാൽ, ഹോംസ്റ്റേ ഉടമ ഇത് മറച്ചുവെക്കാൻ ശ്രമിച്ചു.

പരാതിക്കാരി ആരെയും വിവരമറിയിക്കാതിരിക്കാൻ മൂന്നുദിവസത്തേക്ക് ഹോംസ്റ്റേ ഉടമ വൈഫൈ സേവനം ഉൾപ്പെടെ തടസപ്പെടുത്തിയെന്നും ആരോപണമുണ്ട്. പിന്നീട് മൈസൂരുവിലേയ്ക്ക് പോകാനുണ്ടെന്ന് പറഞ്ഞ് പരാതിക്കാരി ഹോംസ്റ്റേ വിട്ടിറങ്ങുകയും യുഎസ് എംബസിയിൽ വിവരമറിയിക്കുകയുമായിരുന്നു.

യുഎസ് എംബസിയാണ് മൈസൂരു പോലീസിന് ഇമെയിൽ വഴി പരാതി കൈമാറിയത്. പിന്നാലെ പോലീസ് കേസെടുക്കുകയും രണ്ടുപ്രതികളെയും പിടികൂടുകയുമായിരുന്നു.

സംഭവമറിഞ്ഞിട്ടും ഇത് മൂടിവെയ്ക്കാൻ ശ്രമിച്ചതിനാണ് ഹോംസ്റ്റേ ഉടമയ്ക്കെതിരേ കേസെടുത്തിരിക്കുന്നതെന്ന് പോലീസ് പറഞ്ഞു. അറസ്റ്റിലായ രണ്ടു പ്രതികളെയും കോടതിയിൽ ഹാജരാക്കി മേയ് മൂന്ന് വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡ് ചെയ്തു.

# പാരിപ്പള്ളി ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിലെ ലിഫ്റ്റ് തകരാറിൽ

പാരിപ്പള്ളി: ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിലെ എസി തകരാറിലായതിന് പിന്നാലെ ഒപി വിഭാഗത്തിലെ ലിഫ്റ്റും തകരാറിലായി. എസി പ്രവർത്തിക്കാത്തതിനാൽ ഐസിയുവിൽ ചികിത്സയിലായിരുന്ന ഏഴു രോഗികൾ മരിച്ചു എന്ന ആരോപണം നിലനില്ക്കേയാണ് ലിഫ്റ്റും തകരാറിലായത്. ഒപി കെട്ടിടത്തിലെ രോഗികളെ കൊണ്ടുപോകുന്നതിനുള്ള ലിഫ്റ്റാണ് തകരാറിലായത്.

ആകെയുള്ള രണ്ടു ലിഫ്റ്റുകളിൽ ഒന്ന് രണ്ടാഴ്ചയായി നിശ്ചലമാണ്. വീൽചെയറിലും സ്ട്രെച്ചറിലും എത്തുന്ന രോഗികളും പ്രായമായവരും നടക്കാൻ ബുദ്ധിമുട്ടുള്ളവരും വലയുകയാണ്. ഒപിയിൽ ദിവസം രണ്ടായിരത്തോളം രോഗികൾ എത്തുന്നുണ്ട്. മൂന്നുനില കെട്ടിടത്തിലാണ് വിവിധ ഒപികൾ പ്രവർത്തിക്കുന്നത്. കാർഡിയോളജി, ഗൈനക്കോളജി, ഓർത്തോ തുടങ്ങിയ വിഭാഗങ്ങളിൽ എത്തുന്നവരിൽ ഒട്ടേറെ പേർക്കും പടികളും റാംപും കയറുന്നതിനു ബുദ്ധിമുട്ടുണ്ട്. പ്രവർത്തനക്ഷമമായ ലിഫ്റ്റിൽ സ്ട്രെച്ചറും വീൽചെയറും കയറ്റുന്നതു ബുദ്ധിമുട്ടാണെന്നും രോഗികൾ പരാതിപ്പെട്ടു. എസിയുടെ പ്രവർത്തനം നിലച്ചിട്ടു മാസങ്ങളായി. സെൻട്രലൈസ്ഡ് എസി ആയതിനാൽ ഐസിയുവിൽ പോലും രോഗികൾക്ക് ആശ്വാസം ലഭിക്കുന്നില്ല. അതാണ് ഐസിയുവിലെ ഏഴു രോഗികൾ മരിക്കാനിടയായതെന്ന് രോഗികളുടെ ബന്ധുക്കളും പൊതുപ്രവർത്തകരും ആരോപിക്കുന്നു.

എസിയും ലിഫ്റ്റും കേടായതോടെ രോഗികളും ബന്ധുക്കളും മാത്രമല്ല ദുരിതത്തിലായിരിക്കുന്നത്. ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരും മേടമാസത്തിലെ പൊള്ളുന്ന ചൂടിൽ ആശുപത്രിയിൽ വെന്തുരുകുകയാണ്. എസി പ്രവർത്തനക്ഷമമാക്കാൻ 50 ലക്ഷത്തോളംരൂപയെങ്കിലും വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്. ആരോഗ്യ വകുപ്പിനു കത്തെഴുതി കാത്തിരിക്കയാണ് മെഡിക്കൽ കോളജ് സൂപ്രണ്ട്. തെരഞ്ഞെടുപ്പിൻറെ ഫലം വന്ന് പുതിയ മന്ത്രിസഭ അധികാരത്തിലെത്തിയാൽ മാത്രമേ ഈ പ്രശ്നത്തിനു പരിഹാരമുണ്ടാകൂ എന്ന ദയനീയാവസ്ഥയിലാണ്. വാർഷിക അറ്റകുറ്റപ്പണികൾ നടത്താത്തതാണ് എസിയും ലിഫ്റ്റും കേടാകാൻ കാരണമെന്ന് ജീവനക്കാർ ചൂണ്ടിക്കാട്ടുന്നു.

# പൈപ്പ് റോഡിൽ സാമൂഹ്യവിരുദ്ധർ മാലിന്യം തള്ളുന്നത് പതിവാകുന്നു

ചവറ: ചവറ – ശാസ്താംകോട്ട പാതയിൽ സാമൂഹ്യ വിരുദ്ധർ മാലിന്യം തള്ളുന്നതു പതിവായിട്ടും അധികൃതർ മൗനത്തിലെന്ന് പരാതിയുമായി നാട്ടുകാർ. പൈപ്പ് റോഡ് പോകുന്ന പ്രദേശത്തിൻറെ വിവിധ ഭാഗങ്ങളിലാണ് രാത്രി കാലത്ത് മാലിന്യം തള്ളുന്നത്. മാലിന്യം തള്ളുന്നതിനാൽ ജനജീവിതം ദുസഹമായിരിക്കുകയാണ്. വെളിച്ചം കുറഞ്ഞ ഭാഗങ്ങളിലാണ് വാഹനത്തിലെത്തി ഇത്തരത്തിൽ തള്ളുന്നത്. മാലിന്യം തള്ളുന്നവരെ പിടി കൂടാൻ നാട്ടുകാർ സംഘടിച്ച് രാത്രി കാലത്ത് കാത്തിരുന്നെങ്കിലും ഇവരെ പിടി കൂടാൻ സാധിച്ചില്ല.

പൈപ്പ് മുക്കിനും തൊഴിലാളി മുക്കിനും ഇടടിലാണ് കൂടുതലും മാലിന്യം തള്ളുന്നത്. അറവ് മാലിന്യം, പ്ലാസ്റ്റിക്ക് കുപ്പി ഉൾപ്പെടെയാണ് തള്ളുന്നത്. രാവിലെ അസഹനീയമായ ഗന്ധം ഉണ്ടാകയതിനെ തുടർന്ന് നാട്ടുകാർ പ്രദേശത്ത് പരിശോധന നടത്തുമ്പോഴാണ് മാലിന്യം കാണുന്നത്.

തെരുവ് നായ്ക്കൾ, കാക്ക ഉൾപ്പെടെ ഉള്ളവ ഈ മാലിന്യം എടുത്ത് വീടുകളുടെ മുന്നിൽ കൊണ്ടിടുന്നതും ആരോഗ്യ പ്രശ്നത്തിന് കാരണമാകുന്നു. ചീഞ്ഞഴുകിയ ഭക്ഷണാവശിഷ്ടങ്ങളും ഡയപ്പർ മാലിന്യങ്ങളും പ്ലാസ്റ്റിക് കവറുകളും ചിതറിക്കിടക്കുന്നവസ്ഥയാണ് ഇവിടെയുള്ളത്.

വലിച്ചെറിയുന്ന ഭക്ഷണാവിശിഷ്ടങ്ങൾ കഴിക്കാനായി തെരുവ് നായ്ക്കൾ കൂട്ടത്തോടെ എത്തുന്നതിനാൽ ഇരുചക്ര വാഹനത്തിൽ യാത്രികർക്ക് ഈ വഴി പോകാൻ പോലും പറ്റാത്ത അവസ്ഥയാണ്.

മാലിന്യം തള്ളുന്ന സാഹചര്യത്തിൽ പഞ്ചായത്ത് അധികൃതർ പ്രശ്നത്തിൽ ഇടപെടണമെന്നും പാതകളിൽ നിരീക്ഷണ കാമറ സംവിധാനം ഒരുക്കി നിയമം ലംഘനം നടത്തുന്നവരെ പിടി കൂടി മാതൃകാപരമായി ശിക്ഷിക്കണമെന്നും നാട്ടുകാർ അവശ്യപ്പെടുന്നത്. അതോടൊപ്പം രാത്രി കാലത്ത് പോലിസിൻറെ നിരീക്ഷണം ശക്തമാക്കിയാൽ ഈ പ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരം കാണാൻ സാധിക്കു മെന്ന് നാട്ടുകാർ പറയുന്നു.

## കാറും ബസും കൂട്ടിയിടിച്ച് മൂന്ന് മരണം; ഒരാൾക്ക് പരിക്ക്

ചെന്നൈ: തമിഴ്നാട്ടിലെ കൃഷ്ണഗിരിയിൽ കാറും സ്വകാര്യ ബസും കൂട്ടിയിടിച്ച് മൂന്ന് പേർ മരിച്ചു, ഒരാൾക്ക് പരിക്കേറ്റു. ധർമ്മപുരി സ്വദേശികളായ വീരമണി (25), പ്രദീപ് (25), മാരി (24) എന്നിവരാണ് മരിച്ചത്. ഇവരോടൊപ്പം കാറിലുണ്ടായിരുന്ന സതീഷ് കുമാറിന് ഗുരുതരമായ പരിക്കുകളോടെ ആശുപത്രിയിൽ ചികിത്സയിലാണ്.

ഹൊസൂരിന് സമീപമായിരുന്നു അപകടം. കാറിലുണ്ടായിരുന്ന നാല് പേരും ബംഗളൂരുവിലാണ് ജോലി ചെയ്തിരുന്നത്. വ്യാഴാഴ്ച നടക്കാനിരിക്കുന്ന തമിഴ്നാട്ടിലെ തെരഞ്ഞെടുപ്പിൽ വേട്ട് രേഖപ്പെടുത്താൻ നാട്ടിലേയ്ക്ക് മടങ്ങുന്നതിനിടെയാണ് അപകടം.

യുവാക്കൾ സഞ്ചരിച്ച കാർ ഉദുമൽപേട്ടിൽ നിന്ന് ഹൊസൂരിലേക്ക് പോവുകയായിരുന്ന ബസിലാണ് ഇടിച്ചത്. ഇടിയുടെ ആഘാതത്തിൽ കാർ പൂർണമായും തകർന്നു.

മൂന്ന് പേരും സംഭവസ്ഥലത്ത് വച്ച് തന്നെ മരിച്ചു. മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിനായി അയച്ചു. സംഭവത്തിൽ കേസെടുത്ത പോലീസ് അന്വേഷണം ആരംഭിച്ചു.

## യുവാവ് വീടിനുള്ളിൽ മരിച്ച നിലയിൽ

ലക്നോ: ഉത്തർപ്രദേശിലെ ബറോലിയിൽ യുവാവിനെയും വളർത്തു നായ വീടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തി. കൈലാഷ്പുരം സ്വദേശി നിഖിൽ അറോറ (30) യാണ് മരിച്ചത്. നിഖിൽ വളർത്തു നായക്ക് വിഷം കൊടുത്ത ശേഷം സ്വയം വിഷം കഴിച്ച് ജീവനൊടുക്കുകയായിരുന്നു എന്നാണ് പ്രാഥമിക നിഗമനം. നിഖിലിനെ ഫോണിൽ വിളിച്ചിട്ട് കിട്ടാത്തതിനെ തുടർന്ന് ബന്ധുവായ ധീരജ് കുമാർ അന്വേഷിച്ചെത്തിയപ്പോഴാണ് വിവരം പുറത്തറിയുന്നത്. വീട് അകത്തു നിന്ന് പൂട്ടിയ നിലയിലായിരുന്നു. തുടർന്ന് പോലീസ് എത്തി വാതിൽ തകർത്ത് അകത്ത് കയറിയപ്പോഴാണ് ഇരുവരെയും മരിച്ച നിലയിൽ കണ്ടെത്തിയത്. നിഖിൽ വലിയ സാമ്പത്തിക പ്രതിസന്ധിയിലും മാനസിക വിഷമത്തിലുമായിരുന്നുവെന്ന് ബന്ധുക്കൾ പറഞ്ഞു. 2015 ൽ പിതാവും 2021 ൽ മാതാവും മരിച്ചു. പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം ബന്ധുക്കൾക്ക് വീട്ടുനൽകി. സംഭവത്തിൽ കൂടുതൽ അന്വേഷണം നടന്നുവരികയാണെന്ന് പോലീസ് പറഞ്ഞു.

# അഞ്ച് വയസുകാരൻ മരിച്ച സംഭവം; ജംഗിൾ പാർക്കിന് സ്റ്റോപ്പ് മെമ്മോ നൽകി പഞ്ചായത്ത്

കൊച്ചി: കിഴക്കമ്പലത്ത് പാർക്കിന് പിന്നിലെ ചതുപ്പിൽ വീണ് അഞ്ച് വയസുകാരൻ മരിച്ച സംഭവത്തിൽ ജംഗിൾ പാർക്കിന് സ്റ്റോപ്പ് മെമ്മോ നൽകി പഞ്ചായത്ത്. പഴങ്ങനാട് പ്രവർത്തിക്കുന്ന ജംഗിൾ പാർക്കിന് ആവശ്യമായ രേഖകൾ ഇല്ലെന്ന് കിഴക്കമ്പലം പഞ്ചായത്ത് കണ്ടെത്തിയതിൻറെ പശ്ചാത്തലത്തിലാണ് സ്റ്റോപ്പ് മെമ്മോ നൽകിയത്.

പഞ്ചായത്തിൻറെ അനുമതി ഇല്ലാതെയായിരുന്നു പാർക്ക് പ്രവർത്തിച്ചിരുന്നത്. അനധികൃത നിർമാണവും പ്രവർത്തനവും ബോധ്യപ്പെട്ടതിൻറെ അടിസ്ഥാനത്തിലാണ് സ്റ്റോപ്പ് മെമ്മോ നൽകിയതെന്ന് പഞ്ചായത്ത് സെക്രട്ടറി പറഞ്ഞു.

ചൊവ്വാഴ്ച ഉച്ചയോടെയാണ് കോട്ടയം ചെങ്ങളം സൗത്ത് പോസ്റ്റിൽ വലിയ കളപ്പത്തറവീട്ടിൽ മുഹമ്മദ് നസീറിൻറെയും അമീറയുടെയും അഞ്ച് വയസുകാരനായ മകൻ മുഹമ്മദ് ആദം ജംഗിൾ പാർക്കിന്റെ ചതുപ്പിൽ വീണ് മരിച്ചത്. തമ്മനം പ്രീ സ്കൂളിലെ 25 അംഗസംഘം പാർക്ക് സന്ദർശിക്കുന്നതിനിടയിൽ ആയിരുന്നു സംഭവം. സംസാരശേഷിയില്ലാത്ത കുട്ടിയാണ് ആദം.

പാലാരിവട്ടം ബിയോണ്ട് ബോൺ പ്രീ- സ്കൂളിലെ വിദ്യാർഥിയായിരുന്നു. ചൊവ്വാഴ്ച ഉച്ചയ്ക്ക് രണ്ട് മണിയോടെയാണ് അപകടം നടന്നത്. പാർക്കിൽ കളിച്ച് കൊണ്ടിരുന്ന കുട്ടിയെ പെട്ടെന്ന് കാണാതാവുകയായിരുന്നു. തുടർന്ന് അധ്യാപകരും ജീവനക്കാരും ചേർന്ന് തെരച്ചിൽ നടത്തി.

തെരച്ചിലിനിടെ പാർക്കിന് സമീപത്തെ കുഴിയിൽ വീണ് കിടക്കുന്ന നിലയിൽ കണ്ടെത്തുകയായിരുന്നു. ഉടനെ പുറത്തെടുത്ത കുട്ടിയെ പഴങ്ങനാട്ടെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

## പേട്ട റെയിൽവേ ആശുപത്രിയുടെ ശുചിമുറിയിൽ വെടിയുണ്ടകൾ

തിരുവനന്തപുരം: പേട്ട റെയിൽവേ ആശുപത്രിയിലെ ശുചിമുറിയിൽ നിന്നും ഉപേക്ഷിച്ച നിലയിൽ വെടിയുണ്ടകൾ കണ്ടെത്തി. ഏഴ് വെടിയുണ്ടകളാണ് കണ്ടെത്തിയത്. ആർപിഎഫ് ഉദ്യോഗസ്ഥർ കൈവശം വയ്ക്കുന്ന ഉപയോഗിക്കാത്ത വെടിയുണ്ടകളാണ് ലഭിച്ചത്. ചികിത്സയ്ക്ക് എത്തിയ ഉദ്യോഗസ്ഥർ ആരെങ്കിലും ഉപേക്ഷിച്ചതാകാമെന്നാണ് നിഗമനം. സംഭവത്തിൽ വഞ്ചിയൂർ പോലീസ് കേസെടുത്ത് അന്വേഷണം നടത്തും.

## ബംഗാളിൽ ബിജെപി വൻ ഭൂരിപക്ഷത്തിൽ അധികാരത്തിലെത്തും: സാമിക് ഭട്ടാചാര്യ

കോൽക്കത്ത: പശ്ചിമ ബംഗാളിൽ തൃണമൂൽ കോൺഗ്രസ് തകർന്നടിയുമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ സാമിക് ഭട്ടാചാര്യ. ബിജെപി ആണ് ഇത്തവണ ഭരണം നേടാൻ പോകുന്നതെന്നും സാമിക് അവകാശപ്പെട്ടു.

'ബംഗാളിൽ ബിജെപിക്ക് അനുകൂലമായ സാഹചര്യമാണുള്ളത്. സംസ്ഥാനത്ത് ഡബിൾ എൻജിൻ സർക്കാർ വരണമെന്നാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. അതിനാൽ തന്നെ ഭരണം മാറുമെന്ന കാര്യം ഉറപ്പാണ്. മമതയുടെ ഭൂർഭരണം അവസാനിക്കാൻ ദിവസങ്ങൾ മാത്രമാണ് ബാക്കിയുള്ളത്. '-സാമിക് പറഞ്ഞു. 'മുഖ്യമന്ത്രി മമത ബാനർജി പരാജയഭീതിയിലാണ്. തൃണമൂൽ പരാജയപ്പെടുമെന്ന് അവർക്കറിയാം. മമതയുടെ ശക്തിയായിരുന്ന കള്ള വോട്ടുകൾ ഇത്തവണ ഇല്ലാത്തത് കൊണ്ട് തന്നെ വൻ പരാജയമാണ് അവരും പാർട്ടിയും നേരിടാൻ പോകുന്നത്. അതിശക്തമായ ഭരണവിരുദ്ധവികാരം സംസ്ഥാനത്ത് ഉണ്ട്. ജനങ്ങൾ തൃണമൂലിനെതിരെ വിധിയെഴുതാൻ കാത്തിരിക്കുകയാണ്. '- ദിലീപ് ഘോഷ് കൂട്ടിച്ചേർത്തു.

# വീട് കുത്തിത്തുറന്ന് കവർച്ച: നാല്പതിനായിരം രൂപ നഷ്ടപ്പെട്ടു

വെഞ്ഞാറമൂട്: വീട്ടുകാർ വിവാഹച്ചടങ്ങിനായി പുറത്തുപോയ തക്കം നോക്കി വെഞ്ഞാറമൂട്ടിൽ വീട് കുത്തിത്തുറന്ന് വൻ കവർച്ച. നെല്ലനാട് മേടമളയിൽ താമസിക്കുന്ന സീനത്ത് ബീവിയുടെ വീട്ടിലാണ് മോഷണം നടന്നത്. അലമാരയിൽ സൂക്ഷിച്ചിരുന്ന അമ്പതിനായിരം രൂപയിൽനിന്ന് 39,500 രൂപയാണ് മോഷ്ടാവ് അപഹരിച്ചത്.

ചൊവ്വാഴ്ച രാവിലെ വീട്ടുകാർ ബന്ധുവിൻറെ വിവാഹത്തിൽ പങ്കെടുക്കുന്നതിനായി പുറത്തുപോയതായിരുന്നു. വൈകുന്നേരം ഏഴോടെ തിരിച്ചെത്തിയപ്പോഴാണ് വീടിൻറെ മുൻവാതിലും അലമാരയും തുറന്നു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടത്. തുടർന്നു നടത്തിയ പരിശോധനയിലാണ് അലമാരയിൽ സൂക്ഷിച്ചിരുന്ന തുക നഷ്ടപ്പെട്ടതായി വ്യക്തമായത്. അടുക്കള ഭാഗത്തെ തടി ജനലിൻറെ കമ്പികൾ മുറിച്ചുമാറ്റിയാണു മോഷ്ടാവ് വീടിനുള്ളിൽ കടന്നതെന്നു പോലീസ് പ്രാഥമിക പരിശോധനയിൽ കണ്ടെത്തി.

തൊഴിലുറപ്പും മറ്റു ചെറിയ ജോലികളും ചെയ്ത് ജീവിക്കുന്ന നിർധന കുടുംബത്തിൻറെ സമ്പാദ്യമാണ് നഷ്ടപ്പെട്ടത്. സംഭവത്തിൽ നെല്ലനാട് വാർഡ് മെമ്പർ പോലീസിൽ പരാതി നൽകി. മുൻപും സമാനമായ രീതിയിൽ ഈ വീട്ടിൽ മോഷണശ്രമങ്ങൾ നടന്നിട്ടുണ്ടെന്നു വീട്ടുകാർ ആരോപിക്കുന്നു. വെഞ്ഞാറമൂട് പോലീസ് സ്ഥലത്തെത്തി പരിശോധന നടത്തുകയും സമീപത്തെ സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് അന്വേഷണം ആരംഭിക്കുകയും ചെയ്തു. വിരലടയാള വിദഗ്ധരും ഡോഗ് സ് ക്വാഡും പരിശോധന നടത്തി.

## മുണ്ടത്തിക്കോട് ദുരന്തം ഞെട്ടലുണ്ടാക്കി, അപകടത്തിൻറെ കാരണം അന്വേഷിക്കണം: പ്രതിപക്ഷ നേതാവ്

തൃശൂർ: മുണ്ടത്തിക്കോട് വെടിക്കെട്ടുപുരയിലെ ദുരന്തം ഞെട്ടലുണ്ടാക്കിയെന്നും മുന്നോട്ടും ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണമെന്നും പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ.

അപകടത്തിൻറെ കാരണം അന്വേഷിച്ച് കണ്ടെത്തണം. മനുഷ്യ ജീവന് അപകടകരമായ ഒരു കാര്യവും നടക്കാൻ പാടില്ലെന്നും വി. ഡി. സതീശൻ മാധ്യമങ്ങളോട് പ്രതികരിച്ചു. ചികിത്സയിലുള്ളവർക്കും മരിച്ചവരുടെ കുടുംബങ്ങൾക്കും സംസ്ഥാന സർക്കാർ ആവശ്യമായ സഹായം നൽകണം. അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരം അപകടം ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ബന്ധപ്പെട്ടവർ സ്വീകരിക്കണം. അതിനായി ഒരു സംവിധാന ഒരുക്കണം. കർശന നടപടിൾ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നതായും വി. ഡി. സതീശൻ കൂട്ടിച്ചേർത്തു.

## ഐആർഎസ് ഉദ്യോഗസ്ഥൻെറ മകളെ പീഡിപ്പിച്ചു കൊന്നു, മുൻ വീട്ടുജോലിക്കാരൻ ഒളിവിൽ

ന്യൂഡൽഹി: തെക്കുകിഴക്കൻ ഡൽഹിയിലെ അമർ കോളനി പ്രദേശത്ത് ഇന്ത്യൻ റവന്യൂ സർവീസ് (ഐആർഎസ്) ഉദ്യോഗസ്ഥൻറെ മകളെ പീഡിപ്പിച്ചു കൊന്നു. 23കാരിയാണ് കൊല്ലപ്പെട്ടത്. ഇവരുടെ വീട്ടിൽ ജോലിക്ക് നിന്നിരുന്ന 19കാരനാണ് പ്രതിയെന്നാണ് സൂചന. ഇയാൾ ഒളിവിലാണ്. ഇയാളെ ഒരുമാസം മുൻപ് പറഞ്ഞുവിട്ടിരുന്നു. വീട്ടിൽ അതിക്രമിച്ചു കയറിയ പ്രതി, യുവതിയെ പീഡിപ്പിച്ചതിന് ശേഷം മൊബൈൽ ഫോൺ ചാർജറിൻറെ കേബിൾ കഴുത്തിൽ ചുറ്റി കൊല്ലുകയായിരുന്നു. സംഭവ സമയം യുവതി വീട്ടിൽ തനിച്ചായിരുന്നു. ഒളിവിൽ പോയ പ്രതിയെ പിടികൂടാൻ പോലീസ് അന്വേഷണ സംഘത്തെ രൂപീകരിച്ചിട്ടുണ്ട്.

# ക്ഷേത്ര വളപ്പിൽ കയറി അറസ്റ്റ്: മ്യൂസിയം പോലീസ് സ്റ്റേഷനിലേക്ക് ഹൈന്ദവ സംഘടനകൾ മാർച്ച് നടത്തി

തിരുവനന്തപുരം: നെട്ടയം മലമുകളിലെ ബിജെപി -സിപിഎം സംഘർഷവുമായി ബന്ധപ്പെട്ട് ക്ഷേത്രവളപ്പിൽ കയറി അറസ്റ്റ് നടത്തിയ പോലീസ് നടപടിക്കെതിരേ പ്രതിഷേധിച്ച് ഹൈന്ദവ സംഘടനകൾ. വിശ്വഹിന്ദു പരിഷത്ത്, ഹിന്ദു ഐക്യവേദി, ക്ഷേത്ര സംരക്ഷണ സമിതി എന്നിവരുടെ നേതൃത്വത്തിൽ മ്യൂസിയം പോലീസ് സ്റ്റേഷനിലേക്ക് പ്രതിഷേധ മാർച്ച് നടത്തി.

കഴിഞ്ഞ ദിവസമാണ് സംഘർഷത്തിൽ ഉൾപ്പെട്ടവരെ തിരുവനന്തപുരം ഇടപ്പഴഞ്ഞി ബാലസുബ്രഹ്മണ്യ ക്ഷേത്രവളപ്പിലെ കമ്മിറ്റി ഓഫീസിൽ കയറി പോലീസ് കസ്റ്റഡിയിലെടുത്തത്. അതിക്രമിച്ചു കടന്ന പോലീസ് ഉദ്യോഗസ്ഥർ ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും മതഗ്രന്ഥങ്ങൾ നശിപ്പിക്കുകയും ചെയ്തെന്നാണ് സംഘടനകൾ ആരോപിക്കുന്നത്. കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരേ നടപടിയെടുക്കും വരെ പ്രതിഷേധം തുടരുമെന്ന് നേതാക്കൾ പറഞ്ഞു. മ്യൂസിയം പോലീസ് സ്റ്റേഷനിലേക്കു നടന്ന പ്രതിഷേധ മാർച്ച് മുൻ ഡിജിപി ടി. പി. സെൻകുമാർ ഉദ്ഘാടനം ചെയ്തു. കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടി എടുത്തില്ലെങ്കിൽ പ്രതിഷേധത്തിൻറെ രൂപം മാറുമെന്ന് സെൻകുമാർ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. പ്രശ്നമില്ലാത്തിടത്ത് കയറി പ്രശ്നമുണ്ടാക്കുന്നതെന്തിനെന്നും പോലീസ് നീതിപൂർവമായി പ്രവർത്തിക്കണമെന്നും സെൻകുമാർ കൂട്ടിച്ചേർത്തു.

## കല്ലടയാറ്റിൽ അജ്ഞാത യുവതിയുടെ മൃതദേഹം

കൊല്ലം: കല്ലടയാറ്റിൽ അജ്ഞാത യുവതിയുടെ മൃതദേഹം. പുനലൂർ ശിവൻ കോവിൽ ഭാഗത്താണ് ഏകദേശം 35 വയസ് പ്രായം തോന്നിക്കുന്ന യുവതിയുടെ മൃതദേഹം കണ്ടത്.

ചൊവ്വാഴ്ച പുഴയിൽ മൃതദേഹം ഒഴുകി നടക്കുന്നത് കണ്ട നാട്ടുകാർ വിവരം പോലീസിൽ അറിയിക്കുകയായിരുന്നു. തുടർന്ന് പുനലൂർ പോലീസും ഫയർ ഫോഴ്സും സ്ഥലത്തെത്തി മൃതദേഹം കരയ്ക്കെടുത്തു. ഇൻക്വസ്റ്റ് നടപടികൾക്ക് ശേഷം മൃതദേഹം പുനലൂർ താലൂക്ക് ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി.

# ലാലീഗ: റയൽ മാഡ്രിഡിന് ആവേശ ജയം

മാഡ്രിഡ്: ലാലീഗ ഫുട്ബോളിൽ കരുത്തരായ റയൽ മാഡ്രിഡിന് ആവേശ ജയം. ചൊവ്വാഴ്ച നടന്ന മത്സരത്തിൽ അലാവസിനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് തോൽപ്പിച്ചു. റയലിന് വേണ്ടി കൈലിയൻ എംബാപ്പെയും വിനിഷ്യസ് ജൂനിയറും ആണ് ഗോളുകൾ നേടിയത്. ടോണി മാർട്ടിനെസും ആണ് അലാവസിന് വേണ്ടി ഗോൾ സ്കോർ ചെയ്തത്. വിജയത്തോടെ റയലിന് 73 പോയിൻറായി. ലീഗ് ടേബിളിൽ നിലവിൽ രണ്ടാം സ്ഥാനത്താണ് റയൽ.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# മന്ത്രിമാരുടെ വാർത്താസമ്മേളനം തടസപ്പെടുത്തി യുവതിയുടെ പ്രതിഷേധം; തൃശൂർ കളക്ടറേറ്റിൽ നാടകീയരംഗങ്ങൾ

തൃശൂർ: തൃശൂർ കളക്ടറേറ്റിൽ മന്ത്രിമാരുടെ വാർത്താസമ്മേളനത്തിനിടെ നാടകീയ സംഭവങ്ങൾ. വാർത്താസമ്മേളനം തടസപ്പെടുത്തി യുവതിയുടെ പ്രതിഷേധം.

മന്ത്രിസഭായോഗത്തിന് ശേഷം തൃശൂർ കളക്ടറേറ്റിലെ പിആർ ചേംബറിൽ മന്ത്രിമാരായ വി. എൻ. വാസവൻ, ആർ. ബിന്ദു, കടന്നപ്പള്ളി രാമചന്ദ്രൻ എന്നിവർ വിളിച്ചുചേർത്ത വാർത്താസമ്മേളനത്തിനിടെയാണ് പ്രതിഷേധം അരങ്ങേറിയത്. വാർത്താസമ്മേളനം തുടങ്ങുന്നതിനു തൊട്ടുമുമ്പ് യുവതി മന്ത്രിമാർക്ക് മുന്നിലായി നിലയുറപ്പിക്കുകയായിരുന്നു.

തൻറെ വീടുമായി ബന്ധപ്പെട്ട പരാതികളിൽ അധികൃതർ കാലങ്ങളായി നടപടിയെടുക്കുന്നില്ലെന്ന് ആരോപിച്ചായിരുന്നു പ്രതിഷേധം. ഇതുമായി ബന്ധപ്പെട്ട് ഇവർ നേരത്തെ പലവട്ടം കളക്ടറേറ്റിൽ പരാതികൾ നൽകിയിരുന്നെങ്കിലും അതിൽ പരിഹാരമുണ്ടായില്ലെന്നും പോലീസ് കൃത്യമായി ഇടപെടുന്നില്ലെന്നും ഇവർ ആരോപിച്ചു.

ഇതിനു പിന്നാലെ മന്ത്രി ആർ. ബിന്ദു യുവതിയോട് സംസാരിക്കുകയും പ്രശ്നം പരിഹരിക്കാമെന്ന് ഉറപ്പുനൽകുകയും ചെയ്തു. എന്നാൽ, യുവതി അനുനയത്തിന് തയാറാകാതിരുന്നതോടെ വനിതാ പോലീസ് എത്തി അവരെ സ്ഥലത്തു നിന്ന് നീക്കുകയുമായിരുന്നു.

# വിവാഹഘോഷയാത്രയ്ക്കിടെ കുതിരപ്പുറത്ത് സഞ്ചരിച്ചു: ശാരീരിക ന്യൂനതയുള്ള ദളിത് യുവാവിനും കുടുംബത്തിനും ക്രൂരമർദനം

ഭോപ്പാൽ: മധ്യപ്രദേശിൽ വിവാഹഘോഷയാത്രയ്ക്കിടെ കുതിരപ്പുറത്ത് സഞ്ചരിച്ച ശാരീരിക വൈകല്യമുള്ള ദളിത് യുവാവിന് ക്രൂരമർദനം. ദാമോയിൽ ചൊവ്വാഴ്ച വൈകിട്ടാണ് സംഭവം.

ഗോലു അഹിർവാർ(23)നാണ് മർദനമേറ്റത്. വിവാഹത്തിന് മുൻപായി നടത്തുന്ന ആചാരമായ രച്ച് വായ്ക്കിടെയാണ് സംഭവം.

കുതിരപ്പുറത്തിരുന്ന് വരൻ കുടുംബത്തോടൊപ്പം ഗ്രാമത്തിലൂടെ കടന്നുപോകുമ്പോൾ ചിലയാളുകൾ തടിച്ചുകൂടുകയും ഇവരെ തടയുകയുമായിരുന്നു. തുടർന്ന് വരൻ ഉൾപ്പടെയുള്ളവരെ ആക്രമിച്ചു.

ഗുഡ്ഡു സിംഗ്, കൃഷ്ണ, ഹകം, പാൽതു ലോധി എന്നിവർ തന്നെ കുതിരപ്പുറത്ത് നിന്നും ബലമായി വലിച്ചിറക്കി മർദിക്കുകയായിരുന്നുവെന്ന് ഗോലു പറഞ്ഞു.

'ഞങ്ങൾ മുന്നോട്ട് പോകുമ്പോൾ ഒരു വാഹനം കുറുകെ നിർത്തി അവർ ഞങ്ങളുടെ പാത തടഞ്ഞു. ഞങ്ങൾ അത് മാറ്റാൻ ആവശ്യപ്പെട്ടപ്പോൾ, അവർ ഞങ്ങളുടെ നേരെ പാഞ്ഞടുത്തു. അവർ ഗോലുവിനെ കുതിരപ്പുറത്ത് നിന്ന് തള്ളിയിടുകയും ഞങ്ങളെ മർദിക്കുകയും ചെയ്തു. നാല് പേർ ഞങ്ങളെ ആക്രമിച്ചു. ഇതുപോലുള്ള ഒരു ഘോഷയാത്ര ഞങ്ങളെപ്പോലുള്ളവർക്ക് വേണ്ടിയുള്ളതല്ലെന്ന് അവർ പറഞ്ഞു. '-ഗോലുവിൻറെ സഹോദരി പറഞ്ഞു. ഗോലുവിന് ശാരീരിക വൈകല്യമുണ്ടെന്നും അക്രമികൾ അതൊന്നും ഗൗനിച്ചില്ലെന്നും മാതാവ് വിദ്യ അഹിർവാർ പറഞ്ഞു. 'അവർ എൻറെ മകനെ കുതിരപ്പുറത്ത് നിന്ന് വലിച്ചിറക്കി നിഷ്കരുണം മർദ്ദിച്ചു. മകൾ ഇടപെടാൻ ശ്രമിച്ചപ്പോൾ അവളെയും ആക്രമിച്ചു. ഇതിനിടെ മകളുടെ സ്വർണാഭരണങ്ങളും നഷ്ടമായി. '-വിദ്യ അഹിർവാർ വ്യക്തമാക്കി. ആക്രമണത്തെത്തുടർന്ന്, വിവാഹ സംഘം ഹത്ത പോലീസ് സ്റ്റേഷനിലേക്ക് മാർച്ച് ചെയ്തു. കൂടുതൽ സംഘർഷം ഉണ്ടാകുന്നത് തടയുന്നതിനും വിവാഹ ചടങ്ങുകൾ തടസ്സമില്ലാതെ നടക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുമായി ഗ്രാമത്തിൽ പോലീസ് സേനയെ വിന്യസിച്ചിട്ടുണ്ട്.

# നിർമാണം കഴിഞ്ഞിട്ട് രണ്ടുവർഷം പിന്നിട്ടു: വിഴിഞ്ഞം സിഎച്ച്സിയുടെ കെട്ടിടോദ്ഘാടനം വൈകുന്നു

വിഴിഞ്ഞം: വിഴിഞ്ഞം സാമൂഹികാരോഗ്യ കേന്ദ്രത്തിനായി നിർ മിച്ച ബഹുനില കെട്ടിടത്തിൻറെ ഉദ്ഘാടനം വൈകുന്നു. ഉദ്ഘാടനം ഉടനുണ്ടാകുമെന്ന് അധികൃതർ പറഞ്ഞു തുടങ്ങിയിട്ട് രണ്ടരവർഷം പിന്നിടുന്പോളും ഇതു വരെ ഒന്നും നടന്നില്ല. തീരദേശമുൾപ്പെടുന്ന മേഖലയിലെ ജനത്തിൻറെ ഉന്നമനത്തിനായി കോടികൾ മുടക്കി നിർമിച്ച കെട്ടിടം പണിപൂർത്തിയായി വർഷങ്ങൾ കഴിഞ്ഞെങ്കിലും ചികിത്സയ്ക്കെത്തുന്ന പാവപ്പെട്ട രോഗികൾക്കായി തുറന്നു നൽകാനായില്ല. പഴയ ആശുപത്രി കെട്ടിടത്തിനു മുന്നിലുണ്ടായിരുന്ന ഭൂമികൂടി ഉപയോഗപ്പെടുത്തി നാലുനില കെട്ടിടം നിർമിച്ച് മൈനർ ഓപ്പറേഷൻ തിയേറ്റർ ഉൾപ്പെടെയുള്ള സംവിധാനങ്ങളും ഇവിടെ ഒരുക്കിയിട്ടുണ്ട്.

2018 -ൽ പണി തുടങ്ങി പെയിൻറടിച്ച് മനോഹരമാക്കിയ കെട്ടിടം ഇപ്പോൾ ആർക്കും വേണ്ടാത്ത അവസ്ഥയിലായി. പരിമിതികളിൽ വീർപ്പുമുട്ടി തീരദേശത്തെ പ്രധാന ആതുരാലയം മന്ദിരം പൂർത്തിയായിട്ടു രണ്ടുവർഷത്തിലേറെയായി. വൈദ്യുതബോർഡ്, ഫയർ ഫോഴ്സ് ഉൾപ്പെടെ വിവിധ വകുപ്പുകളുടെ സാങ്കേതിക അനുമതിയില്ലാത്തതാണ് പ്രവർത്തനം വൈകുന്നതിന് കാരണങ്ങളായി അധികൃതർ പറയുന്നത്.

ബഹുനില കെട്ടിടമായതിനാൽ സുരക്ഷ അനുമതി ലഭ്യമാകുന്നതിനു മന്ദിരത്തിലേക്ക് സുഗമമായ ഗതാഗത സൗകര്യം വേണം. ഇതിനായി അധിക സ്ഥലം ഏറ്റെടുത്തു റോഡു വീതി വർധിപ്പിക്കണം. അധികമായി സ്ഥലം ലഭ്യമാക്കുന്നതിനു ഭൂമി വിട്ടു നൽകാൻ പ്രദേശവാസികൾ തയാറാണെങ്കിലും നഷ്ടപരിഹാരത്തുകയുടെ കാര്യത്തിൽ ഇതുവരെ തീരുമാനമായില്ല.

ഫിഷറീസ് വിഭാഗത്തിലെ ഫണ്ട് ഉപയോഗിച്ച് മൂന്നു നിലയും അദാനി തുറമുഖ കമ്പനിയുടെ സാമൂഹിക പ്രതിബദ്ധതാ പദ്ധതിയിൽ നാലാം നിലയും നിർമാ ണം പൂർത്തിയാക്കി. അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിൻറെ അധീനതയിലാണ് ആശുപത്രിയുടെ പ്രവർത്തനം.

പ്രതിദിനം 700 ലേറെ രോഗികൾ ചികിത്സതേടിയെത്തുന്ന ആശുപത്രിയുടെ പ്രവർത്തനം അവതാളത്തിലാണിപ്പോൾ. ബൈപ്പാസിലോ, തീരദേശ റോഡിലോ, കടലിലോ, അന്താരാഷ്ട്ര തുറമുഖത്തോ അപകടമുണ്ടായാൽ പരിക്കേൽക്കുന്നവരെ ആദ്യമെത്തിക്കുന്നത് വിഴിഞ്ഞം സർക്കാർ ആശുപത്രിയിലാണ്.

ഏത് അടിയന്തര ഘട്ടങ്ങളിലും പ്രവർത്തന സജ്ജമായിരിക്കേണ്ട ഒരു ആതുരാലയത്തിനുവേണ്ട കെട്ടിടമാണ് തുറന്നു നൽകാൻ പോലും അധികൃതർക്ക് കഴിയാതെ പോയത്. കോടികൾ മുടക്കി കെട്ടിടം നിർമിക്കുന്നതുവരെ വേണ്ട സാങ്കേതിക പ്രശ്നങ്ങളെക്കുറിച്ച് അധികൃതർ ചിന്തിച്ചില്ല. സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ ഇനിയും ലക്ഷങ്ങൾ ചെലവഴിക്കണമെന്ന അവസ്ഥയിലാണെന്നാണ് ബന്ധപ്പെട്ടവർ പറയുന്നത്.

# കൊല്ലം ബീച്ച് നവീകരണം: ഫയലിൽ കുടുങ്ങി 10 കോടിയുടെ പദ്ധതി

കൊല്ലം: 10 കോടി മുടക്കി കൊല്ലം ബീച്ച് നവീകരണ പദ്ധതി ഫയലിൽ കുരുങ്ങി. കോഴിക്കോട് ബീച്ചിൻറെ മാതൃകയിൽ വികസിപ്പിക്കാൻ തീരദേശ വികസന കോർപറേഷൻ തയാറാക്കിയ പദ്ധതിയുടെ വിശദരൂപരേഖ ആറു മാസം മുൻപ് കൊല്ലം കോർപറേഷനു കൈമാറിയെങ്കിലും പരിശോധിച്ച് ഇതു വരെ സർക്കാരിനു കൈമാറിയില്ല. വിശദ രൂപരേഖ സർക്കാരിന് കൈമാറിയിരുന്നെങ്കിൽ നിയമസഭ തിരഞ്ഞെടുപ്പ് പെരുമാറ്റചട്ടം വരുന്നതിനു മുമ്പ് തന്നെ സർക്കാരിൻറെ ഭരണാനുമതി ലഭിച്ച് ടെണ്ടറിലേക്കു കടക്കാമായിരുന്നു. കോർപറേഷനിലെ ഭരണമാറ്റത്തെ തുടർന്ന് ഉദ്യോഗസ്ഥ തലത്തിലെ മെല്ലെപ്പോക്കാണ് പദ്ധതിയെ പ്രതിസന്ധിയിലാക്കിയതെന്നാണ് സൂചന. ബീച്ചിലെത്തുന്നവരുടെ എണ്ണം വർധിച്ച സാഹചര്യത്തിൽ അവർക്കു കൂടുതൽ ഉല്ലസിക്കാൻ കഴിയുന്ന തരത്തിൽ വിസ്തൃതി വർധിപ്പിക്കുന്നതാണ് പദ്ധതിയുടെ പ്രധാനഘടകം. 2024- 25 വർഷത്തെ സംസ്ഥാന ബജറ്റിലാണ് കൊല്ലം ബീച്ച് നവീകരണത്തിന് പണം അനുവദിച്ചത്. പരിപാലന ചുമതല കൂടി കോർപറേഷനു നൽകാനാണ് കോർപറേഷനെ പദ്ധതിയുടെ നിർവഹണ ഏജൻസിയാക്കിയത്. നവീകരണ പദ്ധതിക്കു പുറമേ, തീരത്ത് നിന്ന് നിശ്ചിത ദൂരത്തിൽ ജിയോ ട്യൂബുകൾ സ്ഥാപിച്ച് ബീച്ചിലെ മണൽപ്പരപ്പ് സംരക്ഷിക്കാനും തിരയുടെ ശക്തി കുറയ്ക്കാനുമുള്ള പദ്ധതിക്കും ഇതുവരെയും അനുമതി ലഭിച്ചിട്ടില്ല.

**പദ്ധതി ഇങ്ങനെ**

ബീച്ചിൻറെ നീളം ഇരുവശങ്ങളിലും വർധിപ്പിക്കും. ബീച്ചിനെയും തൊട്ടുമുന്നിലുള്ള റോഡിനെയും വേർതിരിച്ച് അധികം ഉയരമില്ലാത്ത പാർശ്വഭിത്തികൾ. ഭിത്തികൾ മനോഹരമായ ചിത്രങ്ങൾ കൊണ്ട് നിറയ്ക്കും. പാർശ്വഭിത്തിയോട് ചേർന്ന് ബീച്ചിനുള്ളിൽ നടപ്പാത. നടപ്പാതയോട് ചേർന്ന് മനോഹരമായ ഇരിപ്പിടങ്ങൾ. പാർശ്വഭിത്തിൾക്കിടയിൽ ബീച്ചിലേക്കു പ്രവേശിക്കാൻ കമാനങ്ങൾ, ശില്പങ്ങൾ, സെൽഫി പോയിൻറ്, ആകർഷകമായ പ്രകാശസംവിധാനം. നിലവിലെ ഓപ്പൺ എയർ ഓഡിറ്റോറിയം നവീകരിക്കും. മണൽപ്പരപ്പിൽ വോളിബോൾ അടക്കമുള്ള വിനോദങ്ങൾക്കുള്ള കോർട്ട്, ശൗചാലയം അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർമിക്കും.

# തൃണമൂലിനും ബിജെപിക്കുമെതിരെ ബംഗാളിലെ ജനം വിധിയെഴുതും: സച്ചിൻ പൈലറ്റ്

കോൽക്കത്ത: പശ്ചിമ ബംഗാളിൽ കോൺഗ്രസ് മികച്ച വിജയം നേടുമെന്ന് സച്ചിൻ പൈലറ്റ്. ഇത്തവണ പാർട്ടിക്ക് ഭരണം തന്നെ ലഭിക്കാവുന്ന സാഹചര്യമാണുള്ളതെന്നും സച്ചിൻ പൈലറ്റ് അവകാശപ്പെട്ടു.

'ബംഗാളിലെ ജനങ്ങൾ മാറ്റം ആഗ്രഹിക്കുന്നു. അവർക്ക് വേണ്ടി ഒന്നും ചെയ്യാത്ത തൃണമൂൽ കോൺഗ്രസിനെയും ബിജെപിയെയും അവർ ഇത്തവണ തിരസ്കരിക്കും. മമതയെ അധികാരത്തിൽ നിന്ന് പറഞ്ഞ് വിടാൻ അവർ തയാറായി കഴിഞ്ഞു. രാഹുൽ ഗാന്ധിയും കോൺഗ്രസും മാത്രമാണ് അവർക്ക് മുന്നിലുള്ള വഴി. '- സച്ചിൻ പൈലറ്റ് പറഞ്ഞു. 'കോൺഗ്രസ് ഇത്തവണ എല്ലാ മണ്ഡലങ്ങളിലും മത്സരിക്കുന്നുണ്ട്. മികച്ച രീതിയിലുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാനത്തുടനീളം നടക്കുന്നത്. അതു മാത്രമല്ല മികച്ച സ്ഥാനാർഥികളെയാണ് കോൺഗ്രസ് മത്സരത്തിനിറക്കിയിരിക്കുന്നത്. അതിനാൽ തന്നെ മികച്ച വിജയം ലഭിക്കുമെന്ന കാര്യം ഉറപ്പാണ്. '-സച്ചിൻ പൈലറ്റ് കൂട്ടിച്ചേർത്തു.

294 മണ്ഡലങ്ങളുള്ള പശ്ചിമ ബംഗാളിൽ രണ്ട് ഘട്ടങ്ങളിലായാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. വ്യാഴാഴ്ച ആദ്യ ഘട്ടവും ഈ മാസം 29ന് രണ്ടാം ഘട്ടവും നടക്കും. മെയ് നാലിനാണ് വോട്ടെണ്ണൽ.

# എടക്കര മാവോയിസ്റ്റ് കേസ്; മൂന്നുപേർക്ക് ജാമ്യം

മലപ്പുറം: എടക്കര മാവോയിസ്റ്റ് കേസിൽ മൂന്ന് പേർക്ക് ജാമ്യം അനുവദിച്ച് ഹൈക്കോടതി. തൃശൂർ സ്വദേശി സി. ജി. രാജൻ, തമിഴ്നാട് സ്വദേശി ആർ. രാഘവേന്ദ്രൻ, ചത്തീസ്ഗഢ് സ്വദേശി ദീപക് എന്നിവർക്കാണ് ജാമ്യം ലഭിച്ചത്.

നിലമ്പൂർ കാടുകളിലടക്കം ആയുധപരിശീലനം നടത്തിയെന്ന കേസിലായിരുന്നു എൻഐഎയുടെ അന്വേഷണം. എറണാകുളം ജില്ലയിൽ തന്നെ തുടരണമെന്നും അന്വേഷണ ഉദ്യോഗസ്ഥർക്ക് മുന്നിൽ സ്ഥിരമായി ഹാജരാകണമെന്നും ഉൾപ്പെടെ കർശന നിബന്ധനകളോടെയാണ് ജാമ്യം.

2016ൽ എടക്കരയിൽ സായുധ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചെന്നാണ് കുറ്റപത്രം.

നിരോധിത സംഘടനയായ സിപിഐ മാവോയിസ്റ്റിൻറെ പശ്ചിമഘട്ട സ്പെഷൽ സോണൽ കമ്മിറ്റി ചേർന്നുവെന്നും കുറ്റപത്രത്തിൽ പറയുന്നു.

# ഇന്ന് ഭൗമദിനം: ഹരിതാഭമായ പ്രകൃതിക്കായി പോരാട്ടം തുടർന്ന് തണൽവേദി ഉണ്ണികൃഷ്ണൻ

നെയ്യാറ്റിൻകര: പ്രകൃതിക്കെതിരെയുള്ള കൈയേറ്റങ്ങൾ ചെറുക്കാൻ തണൽവേദി ഉണ്ണികൃഷ്ണൻ കഴിഞ്ഞ മൂന്നു പതിറ്റാണ്ടോളമായി ആശ്രയിക്കുന്നത് സിവിൽ കോടതി മുതൽ സുപ്രീംകോടതിയും ലോകായുക്തയും വരെയുള്ള നീതി പീഠങ്ങളെയാണ്. ഭൂമി സദാ ഹരിതാഭമായിരിക്കണമെന്നും ആർത്തിയോടെ പ്രകൃതിയെ ചൂഷണം ചെയ്യുന്നത് നിയമസഹായത്തോടെയും നേരായ മാർഗത്തിലൂടെയും പരമാവധി പ്രതിരോധിക്കുമെന്നും ആവർത്തിക്കുന്ന ഈ സാമൂഹ്യ പ്രവർത്തകന് നേരെ പല തവണ വധഭീഷണിയും ആക്രമണവും ഉണ്ടായിട്ടുണ്ടെന്നതും യാഥാർഥ്യം.

പെരുങ്കടവിള സ്വദേശിയായ ഉണ്ണികൃഷ്ണൻ നാട്ടുകാരെ സംബന്ധിച്ചിടത്തോളം പലപ്പോഴും ഒറ്റയാൾ പോരാളിയായിരുന്നു. അദ്ദേഹം 1999 -ൽ സ്ഥാപിച്ച തണൽവേദി എന്ന പരിസ്ഥിതി സംഘടനയുടെ ആരംഭകാലം മുതലേ നാട്ടിലെ അരുതായ്മകൾക്കും അഴിമതികൾക്കുമെതിരെ ശബ്ദം ഉയർത്തി. ഭരണകൂടത്തിൽനിന്നും നീതി ലഭിക്കില്ലായെന്ന ബോധ്യത്തെത്തുടർന്ന് ഭരണഘടനയിലെ വിശ്വാസത്തിൻറെ ബലത്തിൽ നിയമപോരാട്ടം തുടങ്ങി.

നിലവിൽ തണൽവേദിയിൽ പരിസ്ഥിതി പരിപാലന പ്രവർത്തനങ്ങളിൽ ആത്മാർഥത പുലർത്തുന്ന നിരവധി അംഗങ്ങളുണ്ടെന്നത് ഉണ്ണികൃഷ്ണൻറെ വിശ്രമമില്ലാത്ത നിയമയുദ്ധത്തിൻറെ സത്യസന്ധതയുടെ ബാക്കിപത്രം. പെരുങ്കടവിളയിലെ പ്രശസ്തമായ സംരക്ഷിത പ്രകൃതിസ്മാരകം പാണ്ഡവൻപാറയുടെ ചുറ്റുവട്ടത്തെ 500 മീറ്റർ ദൂരപരിധിക്കുള്ളിൽ ഒട്ടേറെ വൻകിട കന്പനികൾ നടത്തിയ ഖനനം ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ അവസാനിപ്പിക്കാൻ സാധിച്ചതാണ് ഉണ്ണികൃഷ്ണൻറെ ആദ്യകാല ശ്രദ്ധേയ നേട്ടങ്ങളിൽ പ്രധാനം.

അടുപ്പുകൂട്ടിപാറയുടെ പ്രദേശത്ത് അനധികൃതമായി തുടർന്ന ജലചൂഷണത്തിന് തടയിട്ടതും ആനാവൂർ വില്ലേജിലെ കക്കോട്ടുപ്പാറ (വേൽമല) സംരക്ഷിക്കാനായതും കോടതിവിധിയുടെ സഹായത്തോടെയാണെന്ന് ഉണ്ണികൃഷ്ണൻ ചൂണ്ടിക്കാട്ടി. തണൽമരങ്ങൾ വെട്ടിമുറിക്കൽ മുതൽ ഏറ്റവും ഒടുവിൽ പുഴ കൈയേറ്റം വരെ നീളുന്ന പ്രകൃതിയെ നശിപ്പിക്കുന്ന ഏതു ദുഷ്പ്രവൃത്തിയും ഉണ്ണികൃഷ്ണൻ എതിർക്കും. കോടതി ചെലവുകൾ സ്വന്തം അധ്വാനത്തിൽ നിന്നാണ് മാറ്റി വയ്ക്കുന്നത്. പെരുങ്കടവിളയിൽ അദ്ദേഹം നടത്തുന്ന ബേക്കറിയിലെ വരുമാനം കേസുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് തികയാതെ വന്നതോടെ സഹകരണ സംഘങ്ങളിൽനിന്ന് വായ്പ എടുത്തും ചിട്ടി കെട്ടിയുമൊക്കെ തുക കണ്ടെത്തി.

കോടതിയെ സമീപിക്കാൻ തെരഞ്ഞെടുക്കുന്ന വിഷയങ്ങളുടെ സുതാര്യത കണക്കിലെടുത്ത് പല അഭിഭാഷക സുഹൃത്തുക്കളും വക്കീൽ ഫീസ് അധികമായൊന്നും ഈടാക്കാറില്ലെന്നും ഉണ്ണികൃഷ്ണൻ പറഞ്ഞു. വിവരാവകാശ നിയമം മുറുകെ പിടിച്ചാണ് സാമൂഹ്യ പ്രതിബദ്ധതയോടെ ഈ പരിസ്ഥിതി പ്രവർത്തകൻറെ യാത്ര.

# ഡൽഹിയിലെ ഫാക്ടറിയിൽ തീപിടിത്തം

ന്യൂഡൽഹി: ഡൽഹിയിലെ നരേലയിലുള്ള ഫാക്ടറിയിൽ തീപിടിത്തം ഉണ്ടായി. ജനവാസ മേഖലയ്ക്ക് സമീപമായിരുന്നു തീപിടിത്തം ഉണ്ടായത്. എങ്കിലും, അപകടസമയത്ത് ഫാക്ടറിയിലുണ്ടായിരുന്ന എല്ലാ തൊഴിലാളികളെയും സുരക്ഷിതമായി പുറത്തെത്തിക്കാൻ സാധിച്ചു. രാവിലെ എട്ട് മണിക്കാണ് തീപിടിത്തം ഉണ്ടായത്. വിവരം അറിഞ്ഞ ഉടൻ തന്നെ സ്ഥലത്തെത്തിയ അഗ്നിശമന സേന തീ നിയന്ത്രണവിധേയമാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ചെരിപ്പുകളും ഷൂസും നിർമിക്കുന്ന ഫാക്ടറിയിലാണ് തീപിടിത്തം ഉണ്ടായത്. തീപിടിത്തത്തിൻറെ കാരണം ഇതുവരെ കണ്ടെത്താനായിട്ടില്ല. സംഭവത്തിൽ കൂടുതൽ അന്വേഷണം നടന്നുവരികയാണെന്ന് അധികൃതർ വ്യക്തമാക്കി.

# അതിർത്തി മണ്ഡലമായ വിളവംകോട് ഇന്ന് വിധിയെഴുതും

നെയ്യാറ്റിൻകര: തെക്കൻ കേരളവുമായി അതിർത്തി പങ്കിടുന്ന തമിഴ്നാട്ടിലെ വിളവംകോട് നിയോജക മണ്ഡലത്തിലെ രണ്ടര ലക്ഷത്തിലധികം വോട്ടർമാർ നാളെ വിധിയെഴുതും. ഭാഷാപരമായും സാമൂഹികമായും കേരളവുമായി അടുപ്പമുള്ള ഈ മണ്ഡലത്തിലെ രാഷ്ട്രീയ പോരാട്ടം ഇപ്രാവശ്യം പലതു കൊണ്ടും ശ്രദ്ധേയമാണ്.

മലയാളിയായ ഡോ. ടി. ടി. പ്രവീണാണ് കോൺഗ്രസ് സ്ഥാനാർഥി. സിഎസ്ഐ ദക്ഷിണ കേരള മഹായിടവക സെക്രട്ടറിയാണ് പ്രവീൺ. കോൺഗ്രസ് ടിക്കറ്റിൽ മൂന്നു തവണ വിളവംകോട് മണ്ഡലത്തിൽനിന്നും നിയമസഭയിലെത്തിയ ഡോ. എസ്. വിജയധരണി ബിജെപി സ്ഥാനാർഥിയായി ജനവിധി തേടുന്നു. വിജയിൻറെ ടിവികെ സ്ഥാനാർഥി അഡ്വ. കെ. മൈക്കിൾ കുമാറാണ് മറ്റൊരു പ്രമുഖ സ്ഥാനാർഥി.

കോൺഗ്രസിന് മേൽക്കൈ സമ്മാനിച്ച മണ്ഡലമാണ് വിളവംകോട്. ആർ. പൊന്നപ്പൻനാടാർ, എം. സുന്ദർദാസ്, എസ്. വിജയധരണി എന്നിവർ കോൺഗ്രസ് സ്ഥാനാർഥികളായി വിജയിച്ചവരാണ്. ഇക്കൂട്ടത്തിൽ സുന്ദർദാസും വിജയധരണിയും മൂന്നുതവണ വീതം തുടർച്ചയായി തെരഞ്ഞെടുക്കപ്പെട്ടു.

സിപിഎമ്മിൻറെ ഡി. ജ്ഞാനശിഖാമണി, ഡി. മണി, ജി. ജോൺ ജോസഫ് എന്നിവരും മണ്ഡലത്തെ പ്രതിനിധീകരിച്ചിട്ടുണ്ട്. ഡി. മണിയും മൂന്നുവട്ടം വിളവംകോട് എംഎൽഎ യായിരുന്നു. ഇക്കഴിഞ്ഞ തവണ വിജയിച്ചത് കോൺഗ്രസിലെ താര ഹൈ ക്യൂബർട്ടാണ്. മലയാളം സംസാരിക്കുന്നവരാണ് ഈ അതിർത്തി മണ്ഡലത്തിലെ വോട്ടർമാരിൽ ഏകദേശം 80 ശതമാനം പേരും.

കോൺഗ്രസും ബിജെപിയും തമ്മിലാണ് നിലവിൽ പോരാട്ടം നടക്കുന്നതെങ്കിലും ടിവികെയുടെ സാന്നിധ്യം തെരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിക്കാമെന്ന വിലയിരുത്തലുമുണ്ട്.

കേരളത്തിൽ പരസ്പരം എതിരാളികളായ കോൺഗ്രസും സിപിഎമ്മും തമിഴ്നാട്ടിൽ ഒരേ മുന്നണിയിൽ പ്രവർത്തിക്കുന്നതും ഈ മണ്ഡലത്തെ പ്രത്യേകതയുള്ളതാക്കുന്നു. ശക്തമായ പ്രചാരണമാണ് മൂന്നു മുന്നണികളും നടത്തുന്നത്.

# ഹോർമൂസ് കടലിടുക്കിൽ കപ്പലിന് നേരെ വെടിയുതിർത്ത് ഇറാൻ

ലണ്ടൻ: ഹോർമൂസ് കടലിടുക്കിൽ കണ്ടെയ്നർ കപ്പലിന് നേരെ വെടിയുതിർത്ത് ഇറാൻറെ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ് (ഐആർജിസി). ഇറാനുമായുള്ള വെടിനിർത്തൽ നീട്ടിവയ്ക്കുന്നതായി യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് അറിയിച്ചതിന് പിന്നാലെയാണ് ഈ സംഭവം.

യുണൈറ്റഡ് കിംഗ്ഡം മാരിടൈം ട്രേഡ് ഓപ്പറേഷൻസ് (യുകെഎംടിഒ) കേന്ദ്രം നൽകുന്ന സൂചന അനുസരിച്ച്, രാവിലെ 7: 55ന് ഒമാനിൽ നിന്ന് 15 നോട്ടിക്കൽ മൈൽ (28 കിലോമീറ്റർ) വടക്കുകിഴക്കായാണ് സംഭവം.

വെടിവയ്പ്പിൽ കപ്പലിന് കേടുപാടുണ്ടായി. ആക്രമണത്തിൽ ആർക്കും പരിക്കില്ലെന്നും യുകെഎംടിഒ അറിയിച്ചു. ആവർത്തിച്ചുള്ള മുന്നറിയിപ്പുകൾ അവഗണിച്ചതിനെ തുടർന്നാണ് കപ്പലിനെ ആക്രമിച്ചതെന്ന് ഇറാനിയൻ സ്റ്റേറ്റ് ലിങ്ക്ഡ് മീഡിയ റിപ്പോർട്ട് ചെയ്തു.

എന്നാൽ, ഏത് രാജ്യത്തിൻറെ കപ്പലിന് നേരെയാണ് വെടിവയ്പ്പുണ്ടായതെന്ന കാര്യത്തിൽ വ്യക്തതയില്ല. കഴിഞ്ഞയാഴ്ച യുഎസ് സൈന്യം ഒരു ഇറാനിയൻ കണ്ടെയ്നർ കപ്പൽ പിടിച്ചെടുത്തിരുന്നു.

# പാറമേക്കാവ് ദേവസ്വത്തിൻെറ വെടിക്കെട്ട് നിർമാണത്തിന് സ്റ്റോപ്പ് മെമ്മോ

തൃശൂർ: പാറമേക്കാവ് ദേവസ്വത്തിനുവേണ്ടി വെടിക്കെട്ട് സാമഗ്രികൾ നിർമിച്ചിരുന്ന പടക്ക നിർമാണശാലയ്ക്ക് സ്റ്റോപ്പ് മെമ്മോ. ജില്ലാ കളക്ടർ ആണ് സ്റ്റോപ്പ് മെമ്മോ നൽകിയത്. പാലക്കാട് മുതലമട വെള്ളാരംകടവിലുള്ള വെടിമരുന്ന് നിർമാണശാലയ്ക്കാണ് സ്റ്റോപ്പ് മെമ്മോ നൽകിയത്. ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം ചിറ്റൂർ തഹസിൽദാർ ആർ. രാമചന്ദ്രനാണ് സ്റ്റോപ്പ് മെമ്മോ നൽകിയത്. ചിറ്റൂർ തഹസിൽദാർ പടക്ക നിർമാണ ശാല സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയശേഷമാണ് സ്റ്റോപ്പ് മെമ്മോ നൽകിയിരിക്കുന്നത്. തൃശൂർ പൂരം നടത്തിപ്പിൽ ജനവികാരം കണക്കിലെടുക്കുമെന്ന് പാറമേക്കാവ് ദേവസ്വം അറിയിച്ചിരുന്നു.

# നിയന്ത്രണം വിട്ട് കാർ; അപകടത്തിൽ വ്യാപാര സ്ഥാപനങ്ങൾക്ക് കേടുപാടുകൾ

കൊച്ചി: നിയന്ത്രണം വിട്ട കാറിടിച്ച് വ്യാപാര സ്ഥാപനങ്ങൾക്ക് കേടുപാടുകൾ. ആലുവ - പെരുമ്പാവൂർ ദേശസാൽകൃത റൂട്ടിൽ കുട്ടമശേരി സർക്കുലർ കവലയിൽ ഇന്ന് പുലർച്ചെ ഒന്നോടെയാണ് അപകടം നടന്നത്. കാർ സർക്കുലർ കവലയിലെ മുണ്ടോകുടി നസീറിൻറെ മതിൽ ഇടിച്ചുതകർത്തു.

ഇവിടുത്തെ സാറ ഡിസൈൻ എന്ന സ്ഥാപനത്തിൻറെ മുൻ വശത്തെ മേൽക്കൂരയും, കൺവെൻസിയ കൺവെൻഷൻ സെൻററിൻറെ ബോർഡും തകർത്തു.

ഇടിയുടെ ആഘാതത്തിൽ ഇവിടെ കെട്ടിയിരുന്ന മതിലിൻറെ ഭാഗങ്ങൾ 300 മീറ്ററിലധികം ദൂരത്തേക്ക് തെറിച്ചുപോയി. പുല്ലുവഴി സ്വദേശികളായ രണ്ടു പേരാണ് കാറിൽ ഉണ്ടായിരുന്നത്. പരിക്കേറ്റവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

# ഇംഗ്ലീഷ് പ്രീമിയർ ലീഗ്: ചെൽസിയെ വീഴ്ത്തി ബ്രൈറ്റൺ

ലണ്ടൻ: ഇംഗ്ലീഷ് പ്രീമിയർ ലീഗ് ഫുട്ബോളിൽ കരുത്തരായ ചെൽസിയെ വീഴ്ത്തി ബ്രൈറ്റൺ. ചൊവ്വാഴ്ച നടന്ന മത്സരത്തിൽ എതിരില്ലാത്ത മൂന്ന് ഗോളുകൾക്കാണ് ബ്രൈറ്റൺ വിജയിച്ചത്. ഫെർഡി കാഡിയോഗ്ലു, ജാക്ക് ഹിൻഷൽവുഡ്, ഡാനി വെൽബെക്ക് എന്നിവരാണ് ചെൽസിക്ക് വേണ്ടി ഗോളുകൾ നേടിയത്. കാഡിയോഗ്ലു മൂന്നാം മിനിറ്റിലും ഹിൻഷൽവുഡ് 56-ാം മിനിറ്റിലും വെൽബെക്ക് 90+1-ാം മിനിറ്റിലുമാണ് ഗോൾ നേടിയത്. വിജയത്തോടെ ബ്രൈറ്റണ് 50 പോയിൻറായി. നിലവിൽ ലീഗ് ടേബിളിൽ ആറാമതാണ് ബ്രൈറ്റൺ.